Vol. 23. No. 1.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക

വരിസംഖ്യ മുൻകൂർ) January 1925. (1 ബ്രി. രൂപാ [illegible]

# വിഷയവിവരണിക.


പേജ്.

1. വിസിറ്റർ അപ്പ്. തിരുമനസ്സിലെ നവവത്സരാശിസ്സ്. 1
2. നവവത്സരകീർത്തനം. ശ്രീമാൻ സി. റി. ബെണ്ണാർഡ്. 3
3. പ്രസാധകക്കുറിപ്പുകൾ. ,,
4. പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ തിരുവെഴുത്ത്. 5
5. ജൂബിലിവത്സരം. നി. വ. ദിവ്യശ്രീ കയ്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഇടയലേഖനത്തിൽനിന്ന്. 8
6. വേദപുസ്തകപാരായണം. വെറി റവ. ഫാദർ അലക്സാണ്ടർ സി. ഡി. 10
7. കുരിശിനോട്. (പദ്യം) ശ്രീമതി മേരി ജോൺ, തോട്ടം. 11
8. പ്രാർത്ഥനയെപ്പറ്റി രണ്ടു വാക്ക്. ദിവ്യശ്രീ കാപ്പിൽ കയ്യാ ക്കാസു ശ. പി. എച്ച്. ഡി. 12
9. സച്ചിന്താവലി. ദിവ്യശ്രീ ക. റി. ഏ. സ. മാണിക്കത്തനാർ. 14
10. ചോദ്യപ്പെട്ടി. റവ. ഫാദർ ജെയിംസ് കാളാശ്ശേരി പിഎച്ച് ഡി., ഡി. ഡി. 15
11. പാസ്റ്റൽ ബവിലോൺ. റവ. ഫാദർ മർസ്സലിൻ സി. ഡി. 16
12 കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. സ്വന്തം കൊച്ചച്ചൻ. 17
11. തിരുഹൃദയ പൊതുനിയോഗം. 20
12. പുതിയ പ്രസിദ്ധീകരണങ്ങൾ. 21
13. വർത്തമാനസംഗ്രഹം. 22
15. സിദ്ധൌഷധക്കുറിപ്പുകൾ. 23
16. പഞ്ചാംഗം. 24
17. മനോഗുണവിവരങ്ങൾ, ചരമവാർത്തകൾ. (പേജ് 2)


---


പരസ്യം.

## വരാപ്പുഴ പത്യാല.

നി. വ. ദിവ്യശ്രീമാന്മാരായ കേരളത്തിലെ മെത്രാന്മാരുടെയും വന്ദ്യ വൈദികന്മാരുടെയും മറ്റു മഹാജനങ്ങളുടെയും പ്രശംസക്കും തൃപ്തിക്കും പാത്രീഭവിച്ചിട്ടുള്ള പുരാതന ചിത്രവേലക്കാരായ ഞങ്ങൾ പൊതുജനങ്ങളുടെ സൌകൎയ്യത്തെ ഉദ്ദേശിച്ച് വന്ദ്യ വൈദികരുടെ താല്പര്യപ്രകാരം ചങ്ങനാശേരി മെത്രാസനപ്പള്ളിക്കു സമീപം ഒരു ബ്രാഞ്ചാപ്പീസ് തുറന്നു പണികൾ നടത്തിവരുന്നു. ഇവിടെ കൊത്തുരൂപങ്ങൾ, അൾത്താരകൾ ആദിയായ സകലവിധ വേലകളും, തങ്കം, ചായം ഇവ ഭംഗിയായിട്ടും മിതമായ വിലയ്ക്കും ചെയ്തുകൊടുക്കുന്നതാണ്.

കൂടുതൽ വിവരം അറിയേണ്ടവർ മറുപടിക്കു സ്റ്റാമ്പുസഹിതം എഴുതുക.

മർസ്സീൻ പത്യാല, മാനേജർ, ബ്രാഞ്ചാഫീസ്,

ജെ. ജോസഫ് പത്യാല ആന്റ് സൺസ്.

ചങ്ങനാശേരി.



**The Rt. Rev. Dr. Thomas Kurialachery,**

Bishop of Changanachery.

## ഗുരുപ്പട്ട രജതജൂബിലി മംഗളം.

നാനാസൽഗുണപൂർണ്ണനായ് വിലസിടും
മാർത്തോമ്മ മെത്രാൻ ഗുരു-
സ്ഥാനാലംകൃതനായ പിമ്പിരുപതോ-
ടഞ്ചായിതാ വത്സരം!
മാനാതീത യശസ്വി യദ്ധ്വശതവും
കൊണ്ടാടുവാനീശ്വരൻ
പീനാശിസ്സുകൾ മേൽക്കുമേൽത്തിരുവടി-
ക്കേകട്ടെ വർഷോപമം!

'കർമ്മെല കുസുമം.'

St. Joseph's Press, Mannanam.

✝

A. M. D. G.

# കർമ്മല കുസുമം.

ദൈവജനനിക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന
ഒരു കത്തോലിക്കാ മാസിക.

## ൧൯-ാം പുസ്തകം.

1925 – 1926.

## A New Year Blessing.

"…. It is then with a desire that the "Nazrani Deepika" and the "Flower of Carmel" may continue for many years to fight the good combat and spread far and wide the kingdom of Our Divine Lord, that I call upon them and upon you, dear Father, as well as upon the readers of the same the abundance of divine blessings."

† **Alexis Henry M. Lepicier, O. S. M.,**
*Archbp of Tarsus,*
Visitor Apostolic to India

PRINTED AT ST. JOSEPH'S PRESS,
MANNANAM.

## മനോഗുണവിവരങ്ങൾ.

ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേർ അടച്ചു അപേക്ഷിക്കണം.

വി. അന്തോനീസിൻെറ സഹായത്താൽ എനിക്കു കഴിഞ്ഞ നാലുകൊല്ലങ്ങളിൽ ക്ലാസുകയററം കിട്ടിയതിനു ഉപകാരസ്മരണ.

ടി. ജെ ജെ. പാലാ.

എൻെറ സഹോദരിമാരുടെ കുട്ടികൾക്കു പിടിപെട്ട സുഖക്കേടു അമലോത്ഭവമാതാവിൻെറയും കൊച്ചുത്രേസ്യായുടേയും മദ്ധ്യസ്ഥതയാൽ സുഖപ്പെട്ടതിനുപകാരസ്മരണ.

കെ. ജെ. ഇ. എറണാകുളം.

എൻെറ സഹോദരൻെറ കുട്ടിയ്ക്കുണ്ടായ അസാധാരണ കരച്ചിൽ തിരുഹൃദയത്തിൻെറ അനുഗ്രഹത്താൽ നീങ്ങിയതു് കുസുമത്തിൽ പരസ്യപ്പെടുത്തിക്കൊള്ളുന്നു. എൻ. ഐ. ജെ. മുട്ടം.

എന്നെ തുടരെ ബാധിച്ചുകൊണ്ടിരുന്ന ഒരു സുഖക്കേടു തിരുഹൃദയ കാരുണ്യത്താൽ നീങ്ങിക്കിട്ടിയതിനുപകാരസ്മരണ. ജെ. എ. പി. പുതുക്കരി

കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ എൻെറ കുട്ടിയുടെ കലശലായ രോഗം പൂർണ്ണശമനം പ്രാപിച്ചതു നേർച്ചപ്രകാരം പ്രസിദ്ധപ്പെടുത്തുന്നു.

എം. ജെ. എ. മുനമ്പം.

തിരുഹൃദയകാരുണ്യത്താൽ ഭയങ്കരമായ ഒരു കേസിൽ നിന്നു രക്ഷപെട്ടതിനു ഉപകാരസ്മരണ.

എം. വി. ഇടമററം.

മാന്നാനത്തു നടത്തിയ നൊവേനാവസരത്തിൽ കൊച്ചുത്രേസ്യായുടെ സഹായത്താൽ ലഭിച്ച ഒരു പ്രത്യേക മനോഗുണത്തിനു ഉപകാരസ്മരണചെയ്യുന്നു. പി. ജെ സി അതിരമ്പുഴ.

എൻെറ സ്നേഹിതനു പിടിപെട്ട അപകടകരമായ പനി തിരുഹൃദയത്തിൻെറ അനുഗ്രഹത്താൽ നീങ്ങിയതിനു ഉപകാരസ്മരണ.

പി. കെ ജെ. കറുകുററി.

ഭാഗ്യവതിയായ കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥതയാൽ ലഭിച്ച രോഗശമനത്തിനു ഉപകാരസ്മരണ ചെയ്തുകൊള്ളുന്നു. സി. കെ. എം. ജേ.

എൻെറ കാലിൽ പെട്ടെന്നുണ്ടായ ഒരു നീരു വി. അന്തോനീസിൻെറ സഹായത്താൽ നീങ്ങിയതിനു ഉപകാരസ്മരണ. വി. ജെ. സി. ആലപ്പുഴ.

അത്ഭുതപ്രവർത്തകനായ മുണ്ടാങ്കൽ വി. അന്തോനീസിൻെറ സഹായത്താൽ തൃശ്ശൂർ കോളജിൽ വച്ചു ക്ലാസുകയററം കിട്ടിയതിനു കുസുമംവഴി നന്ദിപ്രദർശിപ്പിച്ചുകൊള്ളുന്നു.

പി. എം. സി കോതമംഗലം.

---

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

മററക്കരപ്പള്ളി ഇടവക പഴയമ്പള്ളി ബ. യാക്കോബച്ചൻ അവർകളുടെ സഹോദരൻ ദേവസ്യാ അവർകൾ നവംബർ ൨൩ ാംനു- ൩൫ വയസ്സ്.

തുരുത്തിപ്പള്ളി ഇടവക എരുമച്ചാടത്തു ക. നി. മൂ. സ. ബ. കെറുബീനച്ചൻ അവർകളുടെ സഹോദരൻ ഇത്താക്കു ചാക്കോ അവർകൾ നവംബർ ൨൩ ാംനു- ൭൭ വയസ്സ്.

തായംകരിപ്പള്ളി ഇടവക കവലയ്ക്കൽ ശ്രീമതി ത്രേസ്യാമ്മ നവംബർ ൨൭. വയസ്സ് ൩൨.

മടത്തുശ്ശേരി മിസ്റ്റർ ജോസഫ് അവർകളുടെ പിതൃവ്യൻ പോത്തൻ മാണി അവർകൾ ഡിസംബർ ൨ നു- ൩൭ വയസ്സ്.

കുടമാളൂർപള്ളി ഇടവക പോത്താലിൽ ശ്രീമതി റോസമ്മ ഡിസംബർ ൩-ാംനു- വയസ്സ് ൩൭.

നീണ്ടകരപ്പള്ളിയിടവക അമ്പലത്തിൽ കിഴക്കേ ബംഗ്ലാവിൽ മിസ്സസ്സ് ഫിലൊമേനാ ഫർനാണ്ടസ് ഡിസംബർ ൭-ാംനു- വയസ്സ് ൪൦.

കണ്ണാടിയുറുമ്പ കന്യകാമഠത്തിൽ ബ. സ. എവുപ്രാസിയാ (തെങ്ങുംതയ്യിൽ) ഡിസംബർ ൧൭-ാംനു-.

ആലപ്പുഴ മാർ സ്ലീവാപ്പള്ളി ഇടവക മലയിൽ ശ്രീമതി മറിയാമ്മ ഡിസംബർ ൧൪-ാംനു- ൭൭ വയസ്സ്.

# കർമ്മലകുസുമം.

പുസ്തകം ൨൩} ൧൯൨൫ ജനുവരി. {ലക്കം ൧.


## നവവത്സര കീർത്തനം.

(പാഴ്സി- ആദി; മഹമ്മദീയർകുലത്തിൽ- എന്ന മട്ട്.)

1. ബഹുലസംഭവങ്ങളാൽ മഹിതമാം വർഷംപോയി
മഹിയെ പ്രാപിച്ചീടുന്നിപ്പോൾ- നവ്യാബ്ദമേകം-
നരവരവരുടെ ഭൂതചരിത്രവുമന്നമേൽ വേണ്ടൊരു ജീവിതവൃത്തിയു-
മാലോചിക്കേണ്ടുംസന്ദർഭം- കൈവന്നു കാണ്മിൻ-
2. ആപത്തിൻ ഛായയായിട്ടാനന്ദംസഞ്ചരിപ്പൂ;
സന്തോഷം നമ്മെപ്രാപിച്ചു- ദിവ്യാഭയോടെ
വിസ്താരമെത്തി, ലഭിച്ചയറാക്കി, മദിച്ചുഘോഷിച്ചിതുജ്ജ്വലികൾ-
കാരുണ്യംകത്തോലിക്കരിൽ- കർത്താവിനേറ്റം-
3. ഭൂവാസംഹ്രസ്വമല്ലോ ഭാവിപ്രാധാന്യമതിൽ
ജീവാന്തംവന്നടുക്കുന്നു- ചോരന്നുതുല്യം-
കരുതുവിനഖിലരുമന്നുനിമിഷം, മൃതിനരകസ്വർഗ്ഗകകരുതതുപോൽ-
മേവേണം നവ്യവർഷത്തിൽ-ഭവ്യംഭവിക്കും-

സി. റ്റി ബർണ്ണാർഡ്.

## പ്രസാധകക്കുറിപ്പുകൾ.

### നവവത്സര മംഗളം.

1925-ാമാണ്ടിലേക്കു നാം പ്രവേശിക്കുന്ന ഈ ശുഭാവസരത്തിൽ കുസുമത്തിനും ഞങ്ങളുടെ മാന്യവരിക്കാർക്കും ലഭിക്കാൻ പാടുള്ളതിൽ വലിയ ഒരു മംഗളാശംസയാണു ഈ ലക്കത്തിന്റെ ഒന്നാംപക്ഷത്തിൽ ഞങ്ങൾ ചേർത്തിരിക്കുന്നത്. പരിശുദ്ധപിതാവു തിരുമനസ്സിലെ പ്രതിപുരുഷനായ വിസിറ്റർ അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു പിറവിത്തിരുനാൾ ദിവസം കൊല്ലത്തുനിന്നു ദയാപുരസ്സരം അയച്ചുതന്നിട്ടുള്ള ഒരു ലേഖനത്തിലെ ഈ ഭാഗം ഈ അവസരത്തിലേക്കു അത്യന്തം സന്ദർഭോചിതമായ ഒരു അമൂല്യനിക്ഷേപമായി ഞങ്ങൾ പരിഗണിക്കയും തിരുമനസ്സിലെന്നേക്കുള്ള ഞങ്ങളുടെ അപാരമായ കൃതജ്ഞതയെ ഇതിനാൽ സവിനയം രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു.

### രജതജൂബിലിമഹോത്സവം.

നി. വ. ദിവ്യശ്രീ കുറ്റാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഗുരുപ്പട്ടരജതജൂബിലി ഡി

സംബർ 30-ാംനു- ചൊവ്വാഴ്ച ചങ്ങനാശ്ശേരിൽവച്ച് അത്യാഡംബരസമേതം കൊണ്ടാടപ്പെട്ടിരിക്കുന്നു. പൊതുകാൎയ്യപ്രസക്തിയിൽ ചങ്ങനാശേരി പലപ്പോഴും പ്രദൎശിപ്പിച്ചിട്ടുള്ള ഉൽസുകതയ്ക്കു ഈ അവസരവും ശോഭനമായ ഒരു സാക്ഷ്യം വഹിക്കുന്നതാണ്. ദിവ്യകാരുണ്യപ്രദക്ഷിണത്തിന്റെ പ്രൌഢി പ്രത്യേകിച്ചും സ്മരണീയമായിരിക്കുന്നു. മെത്രാനച്ചൻതിരുമനസ്സിലെ പന്തീരാണ്ടു കാലത്തെ ഭരണംകൊണ്ടു രൂപതയ്ക്കു സിദ്ധിച്ചിട്ടുള്ള അഭിവൃദ്ധിയും വൈദികൎക്കും ജനങ്ങൾക്കും പൊതുവെ അവിടത്തോടുള്ള നിൎവ്യാജമായ സ്നേഹവും മനസ്സിലാക്കിയിട്ടുള്ളവർ ഈ ദേശസ്നേഹാദരപ്രദൎശനങ്ങളെപ്പറ്റി ഒട്ടും അത്ഭുതപ്പെടുന്നതല്ല. അവിടുന്നു ആരോഗ്യസമന്വിതനായി ഇനിയും ചിരകാലം രൂപതാഭരണം നടത്തുന്നതിനു സൎവ്വേശ്വരൻ അനുഗ്രഹിക്കട്ടെ!

## ജീവിത നവീകരണം.

എപ്പോഴും ജീവിത നവീകരണത്തിനായി നാം പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണെങ്കിലും ചില അവസരങ്ങളിൽ അതിലേക്കു നാം കൂടുതൽ ശ്രദ്ധ പതിക്കേണ്ടതാണ്. വത്സരാരംഭം ഏതാദൃശമായ ഒരവസരമാകുന്നു. സ്രഷ്ടാവിനും സമസൃഷ്ടികൾക്കും അഹിതമായി നമ്മിൽ എന്താണുള്ളതെന്നു ഈ ഘട്ടത്തിൽ ഒന്നു പരിശോധിച്ചു നോക്കണം. അതുകളെ നിവാരണം ചെയ്യുന്നതിലേക്കു വേണ്ട മാൎഗ്ഗങ്ങളെ ആരാഞ്ഞു നിശ്ചയിക്കണം. ഓരോ മാസാന്ത്യത്തിലും അതിൽ എന്തഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെന്നു നിഷ്പക്ഷമായി പരീക്ഷിക്കണം. ഇപ്പോൾ നാം തന്നെ ഈ വിധം നമ്മെ പരീക്ഷിച്ചു തഴങ്ങുന്ന പക്ഷം കടശി പരിശോധനയിൽ നമുക്കു ആശങ്കയ്ക്കു അവകാശമുണ്ടാകുന്നതല്ല. നമ്മിൽ എത്രപേൎക്കു കടശി പരിശോധനയുടെ ആണ്ടു്-- വിധിക്കു നിവൃത്തിപ്പെടാത്ത വൎഷം-- ഈ ആരംഭിച്ചിരിക്കുന്ന നവവത്സരം തന്നെ ആയിരിക്കും? കഴിഞ്ഞതിലെല്ലാം നമ്മോടുകൂടെ ആരംഭിച്ചവരിൽ എത്രപേൎക്കു അതു അവസാനിപ്പിക്കാൻ ഇടയാകാതെ പോയിട്ടുണ്ടു്?

---

## സിദ്ധൌഷധക്കുറിപ്പുകൾ.

തീ പൊള്ളിയാൽ മുറിപ്പാട്ടിൽ കോഴിമുട്ടയുടെ വെള്ളവും ആവണക്കെണ്ണയും കൂട്ടിച്ചാലിച്ചു പുരട്ടിയാൽ ഉടൻ വേദന ശമിക്കുന്നതും വ്രണം വേഗത്തിൽ കരിയുന്നതുമാണ്.

വാഴപ്പിണ്ടി മേൽ കുത്തിയാൽ ഒഴുകുന്ന നീർ സേവിക്കുന്നതുകൊണ്ടു രക്തപിത്തത്തിനു ശമനമുണ്ടാകുമെന്നു ഒരു വൈദ്യൻ പരീക്ഷിച്ചറിഞ്ഞിരിക്കുന്നു.

"ധന്വന്തരി."

---


## കത്തോലിക്കാകുടുംബമാണോ?

എന്നാൽ അവിടെ ഉണ്ടായിരിക്കേണ്ടതു് ഒരു കത്തോലിക്കാ പഞ്ചാംഗമാണ്. അകത്തോലിക്കരുടെ പഞ്ചാംഗം ഒരു കത്തോലിക്കാ കുടുംബത്തിനു ചേൎന്ന അലങ്കാരമല്ല. ഒരണ മാത്രം വിലയുള്ള 'നസ്രാണിദീപിക' പഞ്ചാംഗത്തിനു അവിടെ സ്ഥലം കൊടുക്കുക. വിസിററർ അപ്പസ്തോലിക്കാ, മഹാരാജാവു്, അഖിലമഹാറാണി, എട്ടു കത്തോലിക്കാദ്ധ്യക്ഷന്മാർ എന്നിവരുടെ മനോഹര പടങ്ങൾ, ഓരോ ദിവസത്തെയും തിരുനാൾ വിവരങ്ങൾ, കേരളത്തിലെ മിക്ക പള്ളികളിലെയും പ്രധാന തിരുനാളുകൾ, കേരളത്തിലെ കത്തോലിക്കാ രൂപതകൾ സംബന്ധിച്ചു അറിയേണ്ട വിവിധ കാൎയ്യങ്ങൾ, മുതലായി പല സംഗതികൾ ഈ പഞ്ചാംഗത്തിലുണ്ടു്. പത്തിനു രണ്ടു കമ്മീഷൻ. നൂറെണ്ണം ഒന്നിച്ചെടുത്താൽ വില അഞ്ചു രൂപാ മാത്രം. പത്തെണ്ണത്തിൽ കുറച്ചു വി. പി. അയയ്ക്കുന്നതല്ല. അതിൽ കുറച്ചു ആവശ്യക്കാർ വിലയും തപാൽകൂലിയും സ്റ്റാമ്പയച്ചു അയച്ചു [illegible].

**മാനേജർ, നസ്രാണിദീപിക മാന്നാനം.**

## മലങ്കര സുറിയാനി റീത്തുകാർക്ക സഭാസംബന്ധമായ ഹയരാർക്കി സ്ഥാപിക്കുന്നതിനെ വിഷയീകരിച്ചുള്ള ശ്ലീഹായിക്കടുത്ത

# തിരുവെഴുത്ത്.

---

ദൈവത്തിന്റെ ദാസന്മാരുടെ ദാസനായ

**പീയൂസ് മെത്രാൻ.**

സംഗതിയുടെ ശാശ്വതസ്മരണക്കായിട്ട്.

റോമ്മാ മാർപ്പാപ്പാമാർ വിശ്വാസത്തിന്റെയും സന്മാർഗ്ഗത്തിന്റെയും നിർമ്മലതയെ സംരക്ഷിക്കുവാൻ എല്ലാകാലത്തും ദൃഢമായ തീക്ഷ്ണതയും നിഷ്കർഷയും പ്രദർശിപ്പിച്ചിട്ടുണ്ടെന്നുവരികിലും, ഓരോ സഭകളും അതാതിന്റെ റീത്തും ആരാധനക്രമവും പാലിച്ചുകൊള്ളുവാൻ അവർ സന്തോഷപൂർവ്വം അനുവദിക്കുകയും പൗരസ്ത്യസഭകളെ പ്രത്യേകമായ പ്രതിപത്തിയോടെ സമാശ്ലേഷിക്കുകയും ചെയ്തിട്ടുണ്ട്.

നമ്മുടെ മുൻഗാമികളുടെ ഈ വിധസ്നേഹത്തെ ഇതരസഭകളെ അപേക്ഷിച്ച് ഒട്ടും കുറവില്ലാത്തവണ്ണം മലങ്കരസുറിയാനിസഭയും അനുഭവിച്ചിട്ടുണ്ട്; എന്തെന്നാൽ അതു ശ്ലീഹാസ്ഥാനത്ത സിംഹാസനത്തിങ്കൽനിന്നു കൈക്കൊണ്ടിട്ടുള്ള ഉപകാരങ്ങൾ വാസ്തവത്തിൽ അനേകമാണ്.

ഇതു ന്യായമായിട്ടുതന്നെ. എന്തെന്നാൽ ആ സഭയുടെ ഉല്പത്തി, മാർത്തോമ്മാശ്ലീഹായിൽനിന്നു സുവിശേഷപ്രകാശം കൈക്കൊണ്ട അതിപുരാതനങ്ങളായ ക്രൈസ്തവസമുദായങ്ങളിൽ നിന്നാകകൊണ്ട്, പൗരസ്ത്യസഭകളുടെ ഗണത്തിൽ ഉൽകൃഷ്ടമായ ഒരു സ്ഥാനത്ത് അതു സ്ഥിതിചെയ്യുന്നു. പ്രസ്തുത ശ്ലീഹാ, പുരാതനരേഖകൾ സാക്ഷിക്കുന്നതിൻവണ്ണം മ്ശിഹായുടെ സ്വർഗ്ഗാരോഹണാനന്തരം, ഇന്ത്യയുടെ പരിസരപ്രദേശങ്ങളിൽ സുവിശേഷം പ്രസംഗിച്ചശേഷം ഒടുവിൽ ഇൻഡസ് നദിയുടെ മറുകരയിലുള്ള ഉപദ്വീപിലേക്കു പര്യടനം ചെയ്തു്, അവിടെ— സൗഭാഗ്യസ്മരണാർഹനും കുശാഗ്രബുദ്ധിയുമായ നമ്മുടെ മുൻഗാമി പതിമൂന്നാം ലെയോ മാർപ്പാപ്പാ 1886-ാമാണ്ട് സെപ്റ്റംബർമാസം 1-ാംനു- റോമ്മായിൽനിന്ന് ഈയമുദ്ര വെച്ച് പ്രസിദ്ധംചെയ്ത "Humanae Salutis Auctor" എന്നതന്റെ ശ്ലീഹാസ്ഥാന ലേഖനത്തിൽ പ്രസ്താവിക്കുംപ്രകാരം— "ഏറ്റം വൈഷമ്യകരമായ യാത്ര കഴിച്ച്, വളരെ അസാധാരണങ്ങളായ ബുദ്ധിമുട്ടുകൾ സഹിച്ച്, ആ ദേശങ്ങളിലുള്ള ജനങ്ങളെ ഇദംപ്രഥമമായി ക്രിസ്തുമതതത്വത്തിന്റെ വെളിച്ചത്താൽ പ്രശോഭിപ്പിക്കയും, തന്റെ രക്തം ആത്മാക്കളുടെ പരമപാലകന് സാക്ഷിയായി നൽകിയശേഷം നിത്യസമ്മാനത്തിനായി സ്വർഗ്ഗത്തിലേക്ക് വിളിക്കപ്പെടുകയും ചെയ്തു."

എന്നാൽ ശ്ലീഹായുടെ സ്മരണ അദ്ദേഹത്തിന്റെ ശ്രേയസ്കരമായ മരണശേഷവും ഇന്ത്യയിൽ നിലനിന്നു. ഇതിനെ സംബന്ധിച്ച് മുൻപറഞ്ഞ നമ്മുടെ പുരോഗാമി മേലുദ്ധരിച്ച തിരുവെഴുത്തിൽതന്നെ ഇപ്രകാരം പ്രസ്താവിക്കുന്നു. "അതിൽപ്പിന്നെ ഇന്ത്യാരാജ്യം അതിന്റെ ഭക്തിബഹുമാനങ്ങൾക്കു സവിശേഷം അർഹനായ പ്രസ്തുതപ്രേഷകനെ ബഹുമാനിക്കാത്ത ഒരു കാലഘട്ടവുമുണ്ടായിട്ടില്ല; ആ സഭകളുടെ ആരാധനക്രമം സംബന്ധിച്ചുള്ള പ്രാർത്ഥനകളടങ്ങിയ അതിപ്രാചീനങ്ങളായ ഗ്രന്ഥങ്ങളിലും മറ്റു സ്മാരകങ്ങളിലും അവർ മാർതോമ്മായുടെ നാമത്തെയും സ്തുതികളെ

യും ഘോഷിക്കുക പതിവായിരുന്നു. പിൻകാലങ്ങളിൽ അബദ്ധങ്ങളുടെ പരിതാപകരമായ പ്രചാരത്തിൻെറ ശേഷവും അദ്ദേഹത്തിൻെറ ഓർമ്മ അശേഷം മാഞ്ഞുപോയില്ല; അതേവിധം തന്നെ അദ്ദേഹം പ്രചരിപ്പിച്ച വിശ്വാസം ചൈതന്യമല്ലാതെകിടന്നെങ്കിലും നിശ്ശേഷം നശിച്ചുപോയതായി കാണപ്പെട്ടുമില്ല"

മാർ തോമ്മായുടെ പ്രസംഗത്തിൻെറയും വേദസാക്ഷിത്വത്തിൻെറയും പാരമ്പര്യം മലങ്കരസുറിയാനിക്കാരുടെ ദേശത്താണ് പ്രത്യേകമായി നിലനിന്നതു്. ആ രാജ്യത്തെ അധിവസിക്കുന്ന ക്രിസ്തീയവിശ്വാസികൾ "മാർ തോമ്മാക്രിസ്ത്യാനികൾ" എന്ന് എല്ലാക്കാലത്തും വിളിക്കപ്പെട്ടിരുന്നു. ഈ അഭിധാനത്താൽ അവർ മാത്രമെ ഇന്ത്യയിൽ അറിയപ്പെട്ടിരുന്നൊള്ളു എന്ന സംഗതി ശ്രദ്ധാർഹം തന്നെ. ഈ ശ്ലീഹായാൽ പ്രതിഷ്ഠിച്ചിട്ടുള്ള അതിപുരാതനങ്ങളായ അനേക ദേവാലയങ്ങൾ അവരുടെ ഇടയിൽ ഇന്നുമുണ്ട്. ഇതിനും പുറമെ, മാമ്മോദീസായിൽ മക്കൾക്ക് തോമ്മാ എന്നു പേരിടുന്ന അനവധി ആളുകളെ കാണാവുന്നതുമാണ്.

ആകയാൽ മലങ്കരനിവാസികൾ അക്കാലങ്ങളിലെ സഹചര്യങ്ങൾകൊണ്ടും, സ്ഥലങ്ങൾ തമ്മിലുള്ള അത്യധികമായ അകലം നിമിത്തവും, പാശ്ചാത്യദേശങ്ങളുമായി അനേക ശതാബ്ദകാലത്തേക്ക് ഇടപാടുകൾനടത്തുക വളരെ വിഷമതരമായിരുന്നതിനാൽ, ശ്ലീഹാപ്പട്ടത്ത സിംഹാസനവുമായി സംസർഗ്ഗരഹിതരായിരുന്നെങ്കിലും, അവർ ഒരിക്കലും ക്രിസ്തീയവിശ്വാസത്തെ നിശ്ശേഷം നഷ്ടപ്പെടുത്തിയില്ല.

ഇതുനിമിത്തം 16-ാം ശതാബ്ദത്തിൽ ഇന്ത്യയിൽ ചെന്നുചേന്ന മിഷ്യനറിമാർ തങ്ങൾ വിതച്ച ദൈവ വചനത്തെ കൈക്കൊള്ളുവാൻ വളരെ പററിയ "നല്ലഭൂമി" ക്രിസ്തീയവിശ്വാസത്തെ, മന്ദാവസ്ഥയിലാണെങ്കിലും, സൂക്ഷിച്ചിരുന്ന മലങ്കരനിവാസികളുടെയിടയിൽ കണ്ടെത്തുവാനിടയായി.

ദൈവാനുഗ്രഹംകൊണ്ട് ഈ ആദ്യമിഷനറിമാരും, അവരുടെ കാലടികളെ അനുഗമിച്ച് അതതദേശത്തിൽ തന്നെ പിന്നീടുചെന്നുചേന്ന മററുള്ളവരും താന്താങ്ങളുടെ വേലയിൽനിന്നു ആഗ്രഹിച്ച ഫലം കൈക്കൊണ്ടു.

എന്തെന്നാൽ കത്തോലിക്കാ ഉപദേശത്തേയും, റോമ്മാ സിംഹാസനവുമായുള്ള ഐക്യത്തേയും സ്വീകരിച്ച മലങ്കര സുറിയാനിക്രിസ്ത്യാനികളുടെ സംഖ്യ നാൾക്കുനാൾ വർദ്ധിച്ചുവന്നു.

എന്നാൽ കാലാന്തരത്തിൽ പ്രസ്തുത ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസത്തിൻെറയും പാത്രിയാസിൻെറ സിംഹാസനത്തോടുള്ള ഭക്തിയുടേയും ലക്ഷ്യങ്ങൾ ധാരാളം പ്രദർശിപ്പിക്കയുണ്ടായി. അതുനിമിത്തം ഭാഗ്യസ്മരണാർഹനായ നമ്മുടെ മുൻഗാമി 13-ാം ലെയോൻമാർപ്പാപ്പാ 1887-ൽ മലങ്കരസുറിയാനി റീത്തുകാരായ കത്തോലിക്കരുടെ പ്രത്യേകമായ ഭരണത്തെ ലക്ഷീകരിച്ചും "അവരുടെ വിശ്വാസത്തിനും അനുസരണത്തിനും ശ്ലീഹാപ്പട്ടത്ത സിംഹാസനത്തോടുള്ള ഭക്തിക്കും ഒരു പ്രതിസമ്മാനം നൽകുന്നതിനും, അവരുടെയിടയിൽ മ്ശിഹായുടെ സത്യസഭ പുഷ്പാധികം അഭിവൃദ്ധിപ്പെടുന്നതിനുംവേണ്ടി." മേയ് മാസം 20-ാംനു- പ്രസിദ്ധം ചെയ്ത "Quod jam pridem" എന്നതിരുവെഴുത്തിനാൽ മലങ്കരസുറിയാനിക്കത്തോലിക്കരെ റീത്തുസംബന്ധമായി ലത്തീൻകാരിൽ നിന്നും തിരിച്ച്, അവർ ചേന്നുനിന്നിരുന്ന വരാപ്പുഴ അതിരൂപതയിൽ നിന്ന് അവരെ വേർപെടുത്തുകയും, അവർക്കായി രണ്ടു ശ്ലീഹാപ്പട്ടത്ത വികാരിയാത്തുകളെ സ്ഥാപിച്ച്, അവയെ ലത്തീൻറീത്തുകാരായ മെത്രാന്മാരെ ഭരമേൽപ്പിക്കണമെന്ന് നിശ്ചയിക്കയും ചെയ്തു. എന്നാൽ ഈ മെത്രാന്മാർ മലങ്കരസുറിയാനിക്കാരനായ വികാരിജനറാളിനേയും അതേജാതിയിലും റീത്തിലും പെട്ട മററു നാലു വൈദികരേയും തിരഞ്ഞെടുത്തു അവരുടെ ആലോചനയെ സഭാസംബന്ധമായ സകല സംഗതികളിലും ഉപയോഗപ്പെടുത്തേണ്ടിയിരുന്നു.

ഇതനുസരിച്ച് ആലുവാപ്പുഴയെ സ്ഥലാതൃത്തിയായി വെച്ചുകൊണ്ട് അന്നു മലങ്കരസുറിയാനിക്കാർക്കായി രണ്ടു ശ്ലീ

ഹാസ്സൂടത്ത വികാരിയാത്തുകളെ സ്ഥാപിച്ചു. അവയിൽ വടക്കുഭാഗത്തുള്ളതിന്റെ, അതിന്റെ സാധാരണ ആസ്ഥാനം തൃശ്ശൂർപട്ടണത്തിലാക്കിയതുകൊണ്ട് തൃശ്ശൂർ വികാരിയാത്തെന്നു വിളിക്കയും, തെക്കുഭാഗത്തുള്ളതിനാകട്ടെ അതിന്റെ സാധാരണ ആസ്ഥാനം കോട്ടയംപട്ടണമാക്കിയതിനാൽ കോട്ടയം വികാരിയാത്തെന്ന നാമധേയം സിദ്ധിക്കയും ചെയ്തു.

എന്നാൽ 1896-ാമാണ്ട്, മേൽപ്രസ്താവിച്ച നമ്മുടെ മുൻഗാമി 13-ാം ലേയോൻമാർപ്പാപ്പാതന്നെ സ്ഥലകാലങ്ങളുടെ സാഹചര്യങ്ങളെ ആലോചിച്ചുകൊണ്ടു "മലങ്കരസുറിയാനി സഭയുടെ പേരിലുള്ള ഔദാര്യത്തിന്റെ നവമായ ഒരു ലക്ഷ്യം കാണിപ്പാൻ വേണ്ടിയും ആ ദേശങ്ങളിലുള്ള വിശ്വാസികളുടെ ആത്മീയാഭ്യുദയത്തെ ഉദ്ദേശിച്ചും" ജൂലൈമാസം 18-ാംനു- പ്രസിദ്ധപ്പെടുത്തിയ "Quae Rei Sacrae" എന്ന തിരുവെഴുത്താൽ, പ്രദേശത്തിനു ആകെ പുതിയ വിഭാഗങ്ങൾ കല്പിച്ചിട്ട്, മലങ്കര സുറിയാനിക്കാർക്കായി പരിശുദ്ധ സിംഹാസനത്തിനു നേരിട്ട് അധീനപ്പെട്ട തൃശ്ശൂർ, എറണാകുളം, ചങ്ങനാശേരി, എന്ന മൂന്ന് ശ്ലീഹാസ്സൂടത്ത വികാരിയാത്തുകളെ സ്ഥാപിക്കയും, അവയുടെ വിസ്താരം മുൻപറഞ്ഞ തൃശ്ശൂർ, കോട്ടയം എന്ന രണ്ടു വികാരിയാത്തുകൾക്ക് എത്രത്തോളമുണ്ടായിരുന്നുവോ അത്രത്തോളം തന്നെ ഉണ്ടായിരിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തു. ഓരോ പുതിയ വികാരിയാത്തന്റേയും അതൃത്തികളും അതേലേഖനംവഴിയായിത്തന്നെ ക്ലിപ്തപ്പെടുത്തി കാണിച്ചിട്ടുണ്ട്. എന്നാൽ മുകളിൽ പറഞ്ഞ മൂന്നു ശ്ലീഹാസ്സൂടത്ത വികാരിയാത്തുകളിലേക്ക് മലങ്കരസുറിയാനി സമുദായത്തിൽനിന്നും റീത്തിൽനിന്നും തിരഞ്ഞെടുത്ത മൂന്നുമെത്രാന്മാരെ നിയമിക്കേണമെന്ന് പ്രസ്തുത മാർപ്പാപ്പാ നിശ്ചയിക്കയും അതിൻവണ്ണം പ്രവൃത്തിക്കയും ചെയ്തുവെന്നത് ശ്രദ്ധാർഹമായ സംഗതിയാണ്. എന്തെന്നാൽ അതു സഭാഭരണം അതേജാതിയിലും റീത്തിലും പെട്ട തലവന്മാരെ കയ്യേല്പിച്ചതിന്റെ ആരംഭത്തെ ലക്ഷ്യപ്പെടുത്തുന്നു.

എന്നാൽ 1911-ാമാണ്ട് സൌഭാഗ്യസ്മരണാർഹനായ നമ്മുടെ മുൻഗാമി 10-ാംപീയൂസ് മാർപ്പാപ്പാ, മലങ്കരസുറിയാനിക്കാരായ വികാരി അപ്പസ്തോലിക്കമാർ മൂന്നുപേരുംകൂടി ശ്ലീഹാസ്സൂടത്ത സിംഹാസനത്തിങ്കൽ സമർപ്പിച്ച അപേക്ഷയെ കരുണാപൂർവ്വം കൈക്കൊണ്ടു; സംഗതിയെപ്പറ്റി നല്ലവണ്ണം ആലോചിച്ചശേഷം അക്കൊല്ലം തന്നെ ആഗസ്റ്റ്മാസം 29-ാംനു- പ്രസിദ്ധപ്പെടുത്തിയ "In Universi Christiani" എന്ന തിരുവെഴുത്താൽ എറണാകുളം, ചങ്ങനാശ്ശേരി എന്നീ രണ്ടു ശ്ലീഹാസ്സൂടത്ത വികാരിയാത്തുകളിൽ നിന്നും തെക്കുംഭാഗമെന്നു പറയപ്പെടുന്ന സമുദായത്തിൽപ്പെട്ട ഇടവകകളേയും പള്ളികളേയും വേർപെടുത്തി അവയെ കോട്ടയംപട്ടണം ആസ്ഥാനമാക്കി, കോട്ടയം വികാരിയാത്തെന്ന അഭിധാനത്തിൽ ഒരു പുതിയ ശ്ലീഹാസ്സൂടത്ത വികാരിയാത്തായി സ്ഥാപിച്ചു. മലങ്കരസഭ, തൃശ്ശൂർ, എറണാകുളം, ചങ്ങനാശേരി, കോട്ടയം എന്ന നാലു ശ്ലീഹാസ്സൂടത്ത വികാരിയാത്തുകളായി വിഭജിക്കപ്പെട്ട് ഇന്നും നിലനിൽക്കുന്ന സ്ഥിതിയുടെ ആരംഭം ഇപ്രകാരമാണ്.

മലങ്കരസുറിയാനിക്കാരായ വിശ്വാസികൾ സ്വന്തറീത്തിലും ജാതിയിലുമുള്ള മെത്രാന്മാരെ ലഭിച്ച നാൾമുതൽ സർവ്വഥാ ക്ഷേമകരമായ അഭിവൃദ്ധിയെ പ്രാപിക്കുകയാണ് ചെയ്തത്. അവരുടെയിടയിൽ വൈദികപദത്തിലേക്ക് വിളിക്കപ്പെട്ടവരുടെ എണ്ണം അധികപ്പെടുകയും, മനസ്സുതിരിഞ്ഞവരുടെ സംഖ്യ വളരെ വർദ്ധിക്കയും മാത്രമല്ല ഉണ്ടായത്; വേദപഠനശാലകൾ, സ്കൂളുകൾ, സന്യാസാശ്രമങ്ങൾ, പള്ളികൾ കപ്പേളകൾ ഇങ്ങനെയുള്ള വൈദികസ്ഥാപനങ്ങളും ധാരാളം അഭിവൃദ്ധിപ്പെട്ടു. ഇതിൽനിന്ന് മലങ്കരസുറിയാനി സമുദായത്തിന്റെ അദ്ധ്യക്ഷന്മാർ, അവരെ ഏല്പിച്ചിട്ടുള്ള അജസമൂഹത്തെ എത്ര ഉത്സാഹമായും വിവേകപൂർവ്വവും ഭരിക്കുന്നു എന്ന് സ്പഷ്ടമായി കാണാവുന്നതാണ്. ഇതുനിമിത്തം മലങ്കരയുള്ള സുറിയാനി ക്രിസ്ത്യാനി സമുദായങ്ങൾ ഇൻഡ്യാ ഒട്ടു

കളുള്ള ഉൽകൃഷ്ടസമുദായങ്ങളുടെ കൂട്ടത്തിൽ ഏറ്റവും ഉയർന്നവയായി പരിഗണിക്കേണ്ടവയാണെന്ന് ഇക്കാലത്തു പൂർവ്വഇൻഡ്യയുടെ ഡലഗാദ് അപ്പസ്തോലിക്കാമാർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടിരിക്കുന്നു.

തന്മൂലം, മലങ്കരസുറിയാനിറീത്തിൽപെട്ട വിശ്വാസികളും പട്ടക്കാരും, പ്രത്യേകിച്ച് മെത്രാന്മാരും പ്രസ്തുത സഭയ്ക്ക് പൂർണ്ണവും, സുസ്ഥിരവുമായ സഭാവ്യവസ്ഥ നൽകണമെന്ന് പലപ്പോഴും ശ്ലീഹാസ്ഥത്ത സിംഹാസനത്തോടു അപേക്ഷിച്ചിട്ടുള്ളത് ഉചിതവും യുക്തവുമെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഇങ്ങനെയുള്ള വ്യവസ്ഥയ്ക്ക് ക്രൈസ്തവജീവിത നടപടികളെ പരിപാലിക്കുവാനും ജനങ്ങൾക്കു രക്ഷയെ പ്രദാനം ചെയ്യുവാനുമുള്ള ശക്തി അസാമാന്യമാണ്. ആകയാൽ നാം മലങ്കരസുറിയാനിക്കാരുടെയിടയിൽ കത്തോലിക്കകാര്യങ്ങളെ സംബന്ധിച്ചുള്ള അനിതരസാമാന്യമായ സംഘടനയേയും, ക്രിസ്തീയ വിശ്വാസത്തോടു വാസ്തവത്തിൽ അനുയോജ്യമായ അവരുടെ നടപടികളേയും, ഏറ്റവും ഭാഗ്യപ്പെട്ട കന്യകമറിയത്തോടു അവർക്കുള്ള അന്യാദൃശമായ ഭക്തിയേയും, വൈദികരോടും മെത്രാന്മാരോടും വിശിഷ്യ ഈ ശ്ലീഹാസ്ഥത്ത സിംഹാസനത്തോടുമുള്ള അവരുടെ അത്യധികമായ ഭക്തിബഹുമാനങ്ങളേയും ദൃഷ്ടിപഥത്തിൽ വെച്ചുകൊണ്ട്, നമ്മുടെ പ്രിയപ്പെട്ട മക്കളും പൗരസ്ത്യസഭയ്ക്കു വേണ്ടിയുള്ള തിരുസംഘത്തിന്റെ അധികൃതന്മാരുമായ റോമ്മാ തിരുസഭയിലെ കർദിനാളന്മാരുടെ അഭിപ്രായം ചോദിച്ചതിൽ മലങ്കര സുറിയാനിറീത്തിനു സഭാസംബന്ധമായ ഹയരാർക്കി ഇനി സ്ഥാപിക്കയാണ് വേണ്ടതെന്ന് അവർ ഏകകണ്ഠമായി പ്രസ്താവിച്ചശേഷം, സമർപ്പിക്കപ്പെട്ട അപേക്ഷയെ സ്വീകരിക്കേണ്ടതാണെന്നു തീർച്ചപ്പെടുത്തി.

അതുകൊണ്ട്, ആരെയെല്ലാം ഇതു സംബന്ധിച്ചേക്കാവുന്നതാണോ, അല്ലെങ്കിൽ തങ്ങളെയും ഇതു സംബന്ധിക്കുന്നതാണെന്നു ആരെല്ലാം വിചാരിക്കാനിടയുണ്ടോ, അവരുടെ സമ്മതം സിദ്ധിച്ചിട്ടില്ലെന്നുണ്ടെങ്കിൽ ആ പോരായ്മയെ ആവശ്യമുള്ളേടത്തോളം പരിഹരിച്ചുകൊണ്ട്, നാം ശ്ലീഹാസ്ഥത്ത അധികാരത്തിന്റെ പൂർണ്ണമായ പ്രയോഗത്താൽ മലങ്കരസുറിയാനിക്കാരുടെ നാലു ശ്ലീഹാസ്ഥത്ത വികാരിയാത്തുകളെ അത്രയും സ്ഥിരസിംഹാസനങ്ങളായി സ്ഥാപിക്കയും, അവയിൽ ഒന്നിനെ, അതായതു്, എറണാകുളത്തിനെ, മെത്രാപ്പോലീത്തൻ രൂപതയുടെ പദവിയിലേക്കും മഹിമയിലേക്കും ഉയർത്തി ശ്രേയസ്സാക്കിക്കയും ചെയ്യുന്നു. ഇതുനിമിത്തം പ്രസ്തുത അതിരൂപതയ്ക്കും അതിന്റെ അതാതുകാലത്തെ മെത്രാപ്പോലീത്താമാർക്കും പൊതുനിയമപ്രകാരവും മലങ്കര സുറിയാനിസഭയിലെ ന്യായമായ വ്യവസ്ഥകളും ന്യായമായ നടപ്പുകളും അനുസരിച്ചും ഉള്ള അധികാരങ്ങൾ, വിശേഷാവകാശങ്ങൾ, ബഹുമതികൾ, പ്രത്യേകാധികാരങ്ങൾ, ഇവയെ എല്ലാം പൊതുവായും പ്രത്യേകം പ്രത്യേകമായും, നാം നൽകുകയും, പ്രധാനമായി ആരാധനക്രമത്തിലെ നിയമങ്ങൾ അനുസരിച്ച് പാല്യം ഉപയോഗിക്കുന്നതിനു മെത്രാപ്പോലീത്താമാർക്കുള്ള അനുവാദം പ്രദാനം ചെയ്യുകയും ചെയ്യുന്നു. എന്നാൽ പാല്യത്തിനായി വിശുദ്ധ കൊൺസിസ്റ്റോറിയിൽ മുമ്പുതന്നെ അപേക്ഷ സമർപ്പിച്ചുകൊള്ളേണ്ടതാണ്.

(തുടരും.)

## ജൂബിലി വത്സരം.

(നി. വ. ദിവ്യശ്രീ കണ്ടത്തിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഇടയലേഖനത്തിൽനിന്ന്.)

ഇതാ നമുക്ക് ഒരു നവവത്സരം ആരംഭിച്ചിരിക്കുന്നു; തിരുസഭ ജൂബിലി വത്സരമായ് ആഘോഷിക്കുന്ന വിശുദ്ധ വത്സരം ആരംഭിച്ചിരിക്കുന്നു. ഒരു പുതിയ ജീവിതം ആരംഭിക്കേണ്ട സമയം അത്യാസന്നമായിരിക്കുന്നു.

'നിൻെറ പൂൎണ്ണഹൃദയത്തോടും പൂൎണ്ണശക്തിയോടും കൂടി നിൻെറ ദൈവമായ കൎത്താവിനെ നീ സ്നേഹിക്കുക' എന്നു ദൈവം നമ്മോടാജ്ഞാപിക്കുന്നു. സ്രഷ്ടാവായ ദൈവത്തിൻെറ ഈ ആജ്ഞയെ അവിടത്തെ സൃഷ്ടികളായ നാം ശരിയായി അനുസരിക്കുന്നതിലേയ്ക്കു്, ഓരോ പ്രവൃത്തികളുടെ ആരംഭത്തിൽ നാം ചെയ്യാൻ പോകുന്ന വേലകളെ ദൈവത്തിനു സമൎപ്പിച്ചു ദൈവസഹായം അപേക്ഷിക്കണമെന്നും, നമ്മുടെ പരിശ്രമം എല്ലായ്പോഴും ദൈവമഹത്വത്തിനുവേണ്ടി ആയിരിക്കണമെന്നും, വേലയുടെ അവസാനത്തിൽ കൃതജ്ഞതാസ്തോത്രം ചെയ്തുകൊണ്ടു നമ്മുടെ പരിശ്രമഫലങ്ങളെ ദൈവത്തിനു സമൎപ്പിക്കയും ഭാവിയിൽ നമുക്കു് ആവശ്യമുള്ള അനുഗ്രഹങ്ങളെ യാചിക്കയും ചെയ്യണമെന്നും, തിരുസഭ നമ്മോടാവശ്യപ്പെടുന്നു. നമ്മുടെ മാതാവായ തിരുസഭ ദിവസത്തിൻെറ ത്രിസന്ധികളെ പ്രത്യേകം പ്രാഭാതസ്സമനസ്സന്ധികളെ– ദൈവാരാധനയ്ക്കായി സമൎപ്പിച്ചിരിക്കുന്നു; ഇതുപോലെതന്നെ ആഴ്ചയിൽ ചില ദിവസങ്ങളേയും, ആണ്ടിൽ ചില മാസങ്ങളേയും ദൈവാരാധനയ്ക്കായി നിയോഗിച്ചിരിക്കുന്നു. പഴയനിയമത്തിൽ ൭-ാം ദിവസം ആചരിച്ചിരുന്നതുപോലെ ൭-ാം വൎഷത്തെയും ദൈവത്തിനു പ്രതിഷ്ഠിച്ചുകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തണമെന്നും, വേലക്കാൎക്കും മൃഗങ്ങൾക്കും ആശ്വാസം നൽകിക്കൊണ്ടു നീതിയേയും സ്നേഹത്തേയും പ്രത്യേകവിധം പരിരക്ഷിക്കണമെന്നും ദൈവം നിശ്ചയിച്ചിരുന്നു. ഇപ്രകാരംതന്നെ തിരുസഭ ൫൦-ാം സംവത്സരത്തെ വിശുദ്ധവത്സരമായി ആഘോഷിക്കുകയും ഈ വിശുദ്ധവത്സരത്തിൽ റോമ്മായിലുള്ള വി. പത്രോസിൻെറ ബസിലിക്കാ അടിയായ ദേവാലയങ്ങളെ സന്ദൎശിക്കുന്നവൎക്കു അസംഖ്യം ദണ്ഡവിമോചനങ്ങൾ കല്പിച്ചനുവദിക്കുകയും ചെയ്തിരിക്കുന്നു

കത്തോലിക്കാസഭയുടെ കേന്ദ്രസ്ഥാനമായ റോമ്മാപ്പട്ടണത്തെയും അവിടെക്കാണാവുന്ന ആശ്ചൎയ്യജനകങ്ങളും ദൈവത്തിൻെറ കരുണയേയും മഹത്വത്തേയും പ്രത്യക്ഷപ്പെടുത്തുന്നതുമായ അനേകം സംഭവങ്ങളേയും കണ്ടുഗ്രഹിക്കുന്നതിനും ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള വിശ്വാസികളുടെ സ്ഥിതിഗതികളേയും ജീവിതരീതിയേയും മനസ്സിലാക്കുന്നതിനും ഏററവും നല്ല അവസരം ഇതാകുന്നു.

ഈ വിശുദ്ധവത്സരത്തിൽ റോമ്മാ സന്ദൎശിക്കാത്തവരിൽ, കന്യകാമഠങ്ങളിൽ താമസിക്കുന്നർ, കത്തൂസ്യൻ കമൽദൊളൻസു് ട്രാപ്പിസ്റ്റ് എന്നീ സന്യാസസഭക്കാർ, തടവുകാർ, രോഗികൾ, കൂലിവേലക്കാർ, എഴുപതുവയസ്സു കഴിഞ്ഞവർ ഇവർ ഒഴികെയുള്ള യാതൊരുത്തൎക്കും താഴെ പ്രസ്താവിക്കുന്നവ ഒഴിച്ചുള്ള യാതൊരു ദണ്ഡവിമോചനങ്ങളും ഈ ജൂബിലിവത്സരത്തിൽ പ്രാപിക്കാൻ പാടുള്ളതല്ല.

റോമ്മായ്ക്കു വെളിയിൽ വിശുദ്ധവത്സരത്തിൽ പ്രാപിക്കാവുന്ന ദണ്ഡവിമോചനങ്ങൾ താഴെപ്പറയുന്നവ മാത്രമാകുന്നു.

(൧) മരണാവസ്ഥയിൽ പ്രാപിക്കാൻ പാടുള്ളവ,

(൨) ത്രികാലജപങ്ങൾക്കുള്ളവ,

(൩) നാല്പതുമണി ആരാധനയ്ക്കുള്ളവ,

(൪) രോഗികൾക്കു പരിശുദ്ധകുർബാന എഴുന്നെള്ളിച്ചുകൊണ്ടുപോകുമ്പോൾ അനുയാത്ര ചെയ്യുന്നവൎക്കുള്ളവ,

(൫) അസ്സീസിയിലെ വി. ഫ്രാൻസീസ്സിൻെറ പള്ളി സന്ദൎശിക്കുന്നവൎക്കു കല്പിച്ചിട്ടുള്ളവ,

(൬) പരിശുദ്ധപിതാവിൻെറ ആശീൎവ്വാദം വൈദികമേലധ്യക്ഷന്മാർ കൊടുക്കുമ്പോൾ ലഭിക്കാവുന്നവ,

എന്നാൽ, മരിച്ചവൎക്കായി സമൎപ്പിക്കാവുന്ന എല്ലാ ദണ്ഡവിമോചനങ്ങളും പൂൎവ്വസ്ഥിതിയിൽ സ്വീകരിച്ചു് അവൎക്കു നൽകാവുന്നതാകുന്നു .........

....... അടുത്തിരിക്കുന്ന ജൂബിലിവത്സരത്തിൽ, കഴിഞ്ഞ ൨൫ വരു സംവത്സരങ്ങൾക്കിടയിൽ കത്തോലി

കാ തിരുസഭ വഴിയായി ദൈവം ലോകത്തിനു നൽകിയിട്ടുള്ള സംഖ്യാതീതങ്ങളായ ഉപകാരങ്ങൾക്കു സ്തോത്രം ചെയ്യുവിൻ. അടുത്ത ജൂബിലിവരേയുള്ള ൨൫ സംവത്സരങ്ങൾക്കിടയിൽ തിരുസഭ അത്ഭുതപൂർവ്വമായപ്രതാപത്തോടുകൂടി മനുഷ്യവർഗ്ഗത്തെ സ്വർഗ്ഗത്തിലേക്കു നയിക്കുന്നതിനു പ്രാപ്തയായി തീരുന്നതിനും, പ്രത്യേകം മനുഷ്യരിൽ മന്ദീഭവിച്ചിരിക്കുന്ന ദൈവസ്നേഹവും പരസ്നേഹവും വിശേഷവിധിയായി അഭിവൃദ്ധി പ്രാപിക്കുന്നതിനും ഈ യഥാർത്ഥ സ്നേഹംമൂലം സകല മനുഷ്യരും സത്യവിശ്വാസം സ്വീകരിക്കുന്നതിനിടയാകുന്നതിനും ഈ ജൂബിലി അവസരത്തിൽ നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കയും പരിശ്രമിക്കുകയും ചെയ്യുവിൻ.

## വേദപുസ്തകപാരായണം.

വിശുദ്ധ പൌലോസു ശ്ലീഹാ വേദത്തെപ്രതി പിടിപെട്ട് റോമ്മാപുരിയിൽ ചങ്ങലകളാൽ ബന്ധിതനായി പാറാവിൽ കിടക്കയിൽ അവിടെ നിന്നും എഫെസ്സൂ പട്ടണത്തിലെ വിശ്വാസികൾക്കു് എഴുതി അയച്ച ലേഖനത്തിൻെറ മൂന്നുഭാഗങ്ങൾ നമ്മുടെ ആത്മോപകാരത്തിനായി താഴെ ചേർക്കുന്നു. ദൈവം നമ്മെ സത്യവേദത്തിലേക്കു വിളിച്ച ആ വിളിപ്പിനു യോജിക്കുന്ന വിധത്തിൽ പുണ്യമായി ജീവിക്കേണമെന്നും, നമ്മുടെ അരൂപിയിൽ നാം നവീകരിക്കപ്പെടണമെന്നും, പുതിയ മനുഷ്യനായ മ്ശിഹാകർത്താവിനെ നാംധരിക്കണമെന്നും, എളിമ, ക്ഷമ, സാധുശീലം, ഉപവി എന്ന പുണ്യങ്ങളെ പ്രത്യേകം അനുസരിച്ചു നടക്കണമെന്നും ശ്ലീഹാ ഇവിടെ ഉപദേശിക്കുന്നു. ഈ ലേഖനം നമ്മിൽ ഓരോരുത്തനു ശ്ലീഹാ എഴുതി അയച്ചാൽ എന്നപോലെ നാം സ്വീകരിക്കയും, ദൈവവചനമായി ഇതിനെ നാം മതിച്ചു അതിനു് അനുസരണമായി ജീവിക്കയും വേണം.

൧. „അതുകയാൽ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്ന വിളിപ്പിനു യോജിക്കുന്ന വിധത്തിൽ പരിപൂർണ്ണഎളിമയോടും, സാധുശീലത്തോടും, ദീർഘശാന്തതയോടും കൂടി നടക്കേണമെന്നും, നിങ്ങളുടെ വിളിപ്പിൻെറ ഏകശരണത്തിൽ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്ന പ്രകാരം തന്നെ നിങ്ങൾ ഏകശരീരവും ഏക അരൂപിയും ആകുവാൻ തക്കവണ്ണം സമാധാനത്തിൻെറ ബന്ധനത്തിൽ അരൂപിയുടെ ഐക്യതയെ കാത്തുകൊൾവാൻ ബന്ധിക്കപ്പെട്ടവനായ ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു." (അപ്പസ്സായക്കാർ. ൪ ൧-൩)

൨. „നിങ്ങളുടെ മനസ്സിൻെറ അരൂപിയിൽ നിങ്ങൾ നവീകരിക്കപ്പെടുവിൻ. സത്യത്തിൻെറ നീതിയിലും പരിശുദ്ധതയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കയും ചെയ്യിൻ.„ (അപ്പസ്സായക്കാർ. ൪. ൨൩-൨൪)

൩. "സകല നീരസവും, കോപവും, വെറുപ്പും അട്ടഹാസവും ദൈവദൂഷണവും എല്ലാതിന്മയോടും കൂടി നിങ്ങളിൽ നിന്നു നീങ്ങണം. നിങ്ങൾ അന്യോന്യം കരുണയുള്ളവരും അനുഗ്രഹമുള്ളവരുമാകുവിൻ. ദൈവം മ്ശിഹായിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിപ്പിൻ". (അപ്പസ്സായക്കാർ. ൪. ൩൧-൩൨.) *

ഫാദർ അലക്സാണ്ടർ സി. ഡി.

---

* തർജ്ജിമ സുറിയാനിയിൽനിന്നാണു്. പാശ്ചാത്യരും തെളിവുപോരാതെ വരുന്ന ഘട്ടത്തിൽ സുറിയാനി പ്ശീത്തായെ ആണല്ലോ ആശ്രയിക്കുന്നതു്.

# കുരിശിനോട്.

കുരിശേ! കുരിശേ! യടുത്തുവാ നീ
വിരവിൽ സ്വാഗതമോതിടുന്നിതാ ഞാൻ
ഒരു നീരസമില്ലെനിക്കു നിന്നിൽ
പെരുകും പ്രീതിവളൎന്നിടുന്നു വീണ്ടും.

കളിയല്ലരചെയ്യുമെൻെറ ചിത്തം (ൾ
തെളിയുന്നുണ്ടിഹ നിന്നെ നോക്കിടുമ്പോ
ഒളിയേന്തിന നീയടുത്തുവന്നാൽ ( ൧൦.
പൊളിയല്ലെൻ ചുമലിൽ വഹിച്ചുകൊ

അതുമല്ല, പിടിച്ചു മാറിടത്തിൽ
ചിതമായ് ചേൎത്തു പുണൎന്നു വേണ്ടുവോളം
മതിയായിടുവോളമോമനിക്കാം
പതിനായിരമുമ്മയും തരാം ഞാൻ.

പുറമെ വിലസുന്ന മേനികണ്ട-
ല്ലറിയും നിന്നുടെയന്തരംഗവും ഞാൻ
നിറയുന്നൊരു കൈപ്പിനുള്ളിലത്രേ
കുറവില്ലാത്തൊരിനിപ്പു നീ വഹിപ്പൂ.

ഒരുവൻെറ ഹിതാഹിതങ്ങൾ നോക്കി-
പ്പെരുമാറുന്നവനല്ലൊരിക്കലും നീ
പെരുകും നിജഭാരമാൎക്കും ചേ-
ൎത്തരുളീടുന്നതു തന്നെ നിൻ സ്വഭാവം.

എതിരേറ്റു പിടിച്ചു ചുംബനം ചെ-
യ്തതിമോദത്തൊടു സല്ക്കരിക്കുവോരിൽ
പുതുതായ് വികസിച്ച പൂങ്കുലക്കൊ-
ട്ടെതിരാം മട്ടുകളങ്ങു കാട്ടിടും നീ.

കരളിൽ ചെറുതായ നീരസത്തോ-
ടൊരുവൻ നിന്നൊടടുത്തിടുന്നുവെങ്കിൽ
ദുരിതം! ദുരിതം! വഹിച്ചുകൂടാ-
ത്തൊരു ഭാരത്തൊടവൻെറ തോളിലേറും

പരമാൎത്ഥതയോടു കൂടി നിന്നെ-
ത്തിരയും മൎത്ത്യനെയങ്കമേറ്റി മോദാൽ
ഒരു കുഞ്ഞിനെയമ്മയെന്നമട്ടിൽ
പുരുവാത്സല്യമൊടോമനിച്ചിടും നീ.

ഒരുവൻ തവ മൎദ്ദനം സഹിപ്പാ- (ച്ചാൽ
നരുതാഞ്ഞോടിയൊളിക്കുവാൻ ശ്രമി
മരുഭൂമിയിലും വനത്തിലും നീ-
യരികത്തുണ്ടു നിഴൽ കണക്കു തന്നേ.

പരിചാരകവൃന്ദമെപ്പൊഴും ത-
ന്നരികത്തുള്ള ധനാഢ്യനും നിനച്ചാൽ
ഒരു നാഴികയൊന്നു വിശ്രമിപ്പാൻ
തരമേകീടുകയില്ല തെല്ലുമേ നീ.

നിതരാം മൃദുവായ മെയ് വിലാസ-
സ്ഥിതിയത്യുന്നതിയാഭിജാത്യമൊന്നും
ബത നീ വകവച്ചിടാതെ തോളിൽ
കുതികൊണ്ടേറുകഭംഗിയാ നിനച്ചാൽ?

ഒളിയേന്തിടുമേ മനക്കിടാവിൻ
തളിരൊക്കും മൃദുമേനിയും വഹിച്ചാൽ
തളരുന്നൊരു മെയ്യിലും നിനക്കീ
വിളയാട്ടത്തിനു കൂസലില്ല തെല്ലും.

ചെറുപൈതലിനന്തികത്തിലേറ്റം
ചെറുതാമാകൃതിപൂണ്ടു നീയടുക്കും.
മുറപോൽ ശിശുവിൻെറ കൂടെ നീയും
കുറവെന്യേ വലുതായ് ഗഭീരനാവും.

കുടിൽതൊട്ടിഹ രാജധാനിയോളം
തടവില്ലാതധികാരമീവിധം നീ
ചൊടിയോടു നടത്തിടുന്നു നിത്യം
മുടിയേന്തും തലയും നമിപ്പു നിന്നെ.

ഒരു വിസ്മയമില്ലെനിക്കതിങ്കൽ
ശരിയായിട്ടിതിലപ്പുറം മഹത്വം
നരരക്ഷകനേശുവുന്നതൻ ത-
ന്നരുളീട്ടുണ്ടു നിനക്കു പണ്ടുപണ്ടേ.

ഗുഹയിൽ ശിശുവായ്പിറന്ന നാൾ തൊ-
ട്ടഹിതം വിട്ടു വരിച്ചു നിന്നെ നാഥൻ
ബഹുമാനപുരസ്സരം ചുമന്നാ-
നിഹലോകം വെടിയുന്ന മാത്രയോളം.

അതുപോലെ മനുഷ്യരാകെ നിന്നെ-
ച്ചിതമായങ്ങു ചുമന്നു കൊണ്ടുവേണം
ചതിയറ്റൊരു നിത്യജീവിതത്തെ-
സ്സുതരാം നേടുവതെന്നു ദൈവചിത്തം.

തുണ നീ മമ, രാജപാതയും നീ-
യണയാതുള്ളൊരു ദീപമായതും നീ.
തണലും ജലവും മദീയയാത്ര-
ക്കണവും സംശയമില്ല സൎവ്വവും നീ.

നിജപാതവെടിഞ്ഞ പാന്ഥരാരും
വിജയം നേടിയതില്ലിതേവരെക്കും.
സുജനവ്രജമായതോൎത്തു നിത്യം
ഭജനീയം തവ പാദതാർ നമിപ്പൂ.

വരണം! വരണം! മടിച്ചിടേണ്ടെൻ
മരണം നിൻമടിയിൽകിടന്നുവേണം.
തരണം വരമീഭവാബ്ധിയേ ഞാൻ
തരണം ചെയ്വതിനായുപായമെന്ന്യേ.

മേരി ജോൺ, തോട്ടം.

## പ്രാർത്ഥനയേപ്പററി രണ്ടുവാക്കു്.

### ഒരു മഹാ സ്വാതന്ത്ര്യം.

ഒരു രാജാവിന്റെ കാവൽ ശിപായിക്കു ആണ്ടിൽ ഒരിക്കൽ തന്റെ യജമാനനുമായി അര നാഴിക സംഭാഷിക്കുന്നതിന്നനുമതി സിദ്ധിച്ചാൽ അതൊരു വലിയ സ്വാതന്ത്ര്യമൊ ബഹുമതിയൊ ആയി അവനും മററുള്ളവരും കരുതുമെന്നതു് സന്ദേഹരഹിതമാണെല്ലൊ. അപ്പോൾ രാജാധിരാജാവും തന്റെ സ്രഷ്ടാവുമായ ദൈവത്തോടു സർവ്വദാ സംഭാഷിക്കുന്നതിനു നീചസൃഷ്ടിയായ മനുഷ്യനു സാധിക്കുന്നതു എത്രയൊ വലിയ ഒരനുഗ്രഹവും സ്വാതന്ത്ര്യവുമായിരിക്കണം? മൃത്യുരഹിതമായ ഒരാത്മാവിനെ അവനു നൽകികൊണ്ടു് മർത്യനു അമർത്ത്യരോടു കൂടി ജീവിക്കുന്നതിനുള്ള സ്വാതന്ത്ര്യം ദൈവം നൽകി. സ്വർഗ്ഗത്തിലെ സമ്മതിദായകന്മാരുടെ ലിസ്റ്റിൽ അവനെ താൻ ഉൾപ്പെടുത്തി. ഇതിനാൽ ദൈവത്തിൽനിന്നും മനുഷ്യനു ഒരു പ്രത്യേകാധികാരം ലഭ്യമായിരിക്കുന്നു എന്നു പറയാം. ഒരു പ്രകാരത്തിൽ പറഞ്ഞാൽ ദുരുപയോഗിക്കുവാൻ പാടില്ലാത്ത ഒരധികാരമാകുന്നു ദൈവത്തോടു പ്രാർത്ഥിക്കുക അഥവാ സംഭാഷിക്കുക എന്നുള്ളതു്. എന്തെന്നാൽ അതു് മതമെന്നു പറയുന്ന ഒരു നന്മയാകുന്നു. നന്മയെ ഒരുത്തനും ദുരുപയോഗിപ്പാൻ പാടില്ല. (Qua nemo male utitur) വേണ്ടപോലെ ഉപയോഗിക്കാഞ്ഞാൽ അതു തിന്മയായിത്തീരും.

നാം അനുഗ്രഹിക്കപ്പെട്ട ഒരു ജനമാകുന്നു. മഹാസ്വാതന്ത്ര്യം എന്നു പറഞ്ഞാൽ എന്തോ സാധാരണയിൽ കവിഞ്ഞ ഒന്നാണെന്നു് ആരും സമ്മതിക്കുമല്ലൊ. പ്രജാസഭയിലൊ പ്രഭുസഭയിലൊ പ്രവേശിക്കുന്നതിനു സർവ്വകലാശാലാബിരുദുകൾ മൂലമൊ നികുതിദായകത്താലൊ യോഗ്യതസമ്പാദിക്കുന്നതിന് നാം ശ്രമിക്കുന്നു. എന്നാൽ വിശ്വാസവും ബഹുമാനവും (ഭക്തിയും) കൊണ്ടുമാത്രം ദൈവസഭയിൽനമുക്കു് പ്രവേശനം ലഭ്യമാകുന്നു. വി. അപ്പസ്തോലന്റെ വാക്യത്തിനൊത്തവണ്ണം സ്വർഗ്ഗരാജ്യത്തിലെ പൗരസമത്വമാണു നമുക്കു ലഭിച്ചിരിക്കുന്നതു്.

പ്രാർത്ഥന ദൈവ ഇഷ്ടപ്രസാദത്തോടുകൂടിയ ഒരവസ്ഥയല്ലെങ്കിലും അതിലേക്കുള്ള ഒരു മാർഗ്ഗവുംഅതിൽ നിലനിൽക്കുന്നതിനുള്ള ഒരു കാരണവുമാകുന്നു. ദൈവഇഷ്ടപ്രസാദത്തെ സുസ്ഥിരമായി പ്രാപിക്കുന്നുള്ള ഒരു വഴിയാണു് പ്രാർത്ഥന. നീചപാപികളെക്കൂടിയും തന്റെ പക്കലേക്കു ക്ഷണിക്കുകയാണു് ദൈവം ചെയ്യുന്നതു്. "ദാഹിക്കുന്നവൻ എന്റെ പക്കൽ വരട്ടെ" എന്നു് അവിടുന്നു കല്പിക്കുന്നു.

അനേകം നല്ലസാധനങ്ങൾ നമുക്കായി ദൈവം ആയത്തമാക്കി വെച്ചിട്ടുണ്ടു്. ചോദിച്ചുവാങ്ങിക്കേണ്ട ഭാരം മാത്രമെ നമുക്കുള്ളു. ആകയാൽ നാം പ്രാർത്ഥിക്കണമെന്നു സിദ്ധം. പ്രാർത്ഥനയൊ എന്നാൽ ഭൂമിയാൽ ആകർഷിക്കപ്പെടുന്ന നമ്മുടെശരീരം പോലെയൊ തുറന്നാൽ ആകാശത്തെ വീക്ഷിക്കുവാൻ നിർബന്ധിക്കപ്പെടുന്ന നമ്മുടെ നയനങ്ങൾപോലെയൊ അല്ല. അതു് അവയവങ്ങളുടെ സ്വാതന്ത്ര്യവും ബുദ്ധിപൂർവ്വകവുമായ ഒരു പ്രയോഗമാകുന്നു ദൈവത്തെ അനുഗ്രഹിക്കുന്നനല്ല മനസ്സി

ൽനിന്നും അതു് ഉത്ഭവിക്കുന്നു. സർവ്വശക്തനെ സംബോധനചെയ്യുന്ന നിർമ്മല ഹൃദയത്തിൽ അതു് പുഷ്പിക്കുന്നു. നമ്മുടെ സ്രഷ്ടാവും രക്ഷിതാവുമായ ദൈവത്തിന്റെ സന്നിധിയിലേക്കു് നമ്മെ ആനയിപ്പിക്കുക എന്നതാകുന്നു അതിന്റെ ഫലം. ഓർമ്മ, ബുദ്ധി, മനസ്സു് എന്ന നമ്മുടെ പരിമിതശക്തികൾ അപരിമിതനായ ദൈവവുമായി പ്രാർത്ഥനമൂലം ഇടപെടുന്നു. പ്രാർത്ഥനമൂലം ദൈവരാജ്യത്തിലേക്കു ആത്മാവുയരുന്നു. ദൈവത്വം സ്ഥിതിചെയ്യുന്ന ആകാശമണ്ഡലത്തിൽ അതാശ്വസിക്കുന്നു. വിശ്വാസം, ശരണം. ഉപവി, മതം എന്നവമൂലം എന്നേക്കും അതുസുഖിക്കേണ്ട ദേശത്തു ആത്മാവു് എത്തുന്നു. ചുരുക്കത്തിൽ വിശ്വാസം ശരണം സ്നേഹം എന്നീ ഗുണത്രയത്താൽ പ്രേരിതമായ ഒരു പ്രവൃത്തിയാകുന്നു പ്രാർത്ഥന.

മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാകുന്നു "എപ്പോഴും ഏകനായി ജീവിക്കേണമെങ്കിൽ മനുഷ്യാതീതമൊ മനുഷ്യാധമമൊ ആയ ഒരുസൃഷ്ടിയായിരിക്കേണ"മെന്നുള്ള ആപ്തവാക്യം അത്ര ശരിയല്ല. സദാ തനിച്ചു ജീവിക്കേണമെങ്കിൽ മനുഷ്യനേക്കാൾ അപകൃഷ്ടമായ ഒരു ജന്തുതന്നെയായിരിക്കണം. എന്തെന്നാൽ മനുഷ്യനെക്കാൾ ഉൽകൃഷ്ടമായ ഒരു സൃഷ്ടി എപ്പോഴും സാമൂഹ്യജീവിതത്തിനു് ആഗ്രഹിക്കുന്നു. മനുഷ്യസമൂഹത്തിൽനിന്നും ഒഴിഞ്ഞുതാമസിക്കുന്നതിനു തുനിഞ്ഞിട്ടുള്ള മഹാശയന്മാർ ജനക്കൂട്ടത്തിലുണ്ടാകുന്നതിനേക്കാൾ ഉൽകൃഷ്ടമായസാമൂഹ്യജീവിതത്തെ കാംക്ഷിച്ചാണു് അപ്രകാരം ചെയ്തിട്ടുള്ളതു്. തനിക്കു സന്തോഷിക്കുന്നതിനായി ദൈവം രൂപീകരിച്ചിട്ടുള്ള സമാജങ്ങളുടെ യഥാർത്ഥ മൈത്രീബന്ധത്തിന്റെ ഒരാലയമാകുന്നു സ്വർഗ്ഗരാജ്യം. എല്ലാത്തിലും ഉപരിയായും ആദ്യമായും ദൈവംതന്നെ, ആൾവകയിൽ മൂന്നാകുന്ന- അതെ പരിശുദ്ധ പരമത്രീത്വമാകുന്ന അപരിമിതസഭയാകുന്നു അതു്.

സാമൂഹ്യജീവിതത്തിന്റെ ഒരു പൂർത്തിയും ഈ മഹാ സ്വാതന്ത്ര്യത്തിൽ അടങ്ങിയിരിക്കുന്നു പ്രാർത്ഥനവഴിയായി നാം പരമാത്മാവായ ദൈവത്തോടുകൂടി സല്ലപിക്കുകയാകുന്നു ചെയ്യുന്നതു് നമ്മെ മുഖാനുമുഖം അദ്ദേഹം അറിയുന്നു. നാം ദൈവത്തെ ഏകദേശം അറിയുകയും തന്നോടു സമാധാനത്തിലും സ്വൈരമായും വിശ്വസ്തതയോടുകൂടി സംഭാഷിക്കുകയും ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗമാകുന്നു പ്രാർത്ഥന.

ഒരു സംഘം നല്ല സ്നേഹിതന്മാരുണ്ടായിരിക്കുക എന്നതു് ജീവിതത്തിൽ ഏററം ആനന്ദപ്രദമായ ഒരു സംഗതിയാണെല്ലോ. പല സ്നേഹിതന്മാരുണ്ടായിരിക്കയും അവരുടെജ്ഞാനത്തിലും സമ്പാദ്യത്തിലും സന്തോഷത്തിലും ഭാഗഭാക്കാകുകയും ചെയ്യുവാൻ ഇടയാകുന്നതു് ഒരു ഭാഗ്യംതന്നെ. ഇക്കാരണത്താൽ സ്നേഹിതന്മാരെ ശേഖരിക്കുന്നതിൽ ജീവിതത്തിന്റെ ഒരു വലിയഭാഗത്തെ വ്യയംചെയ്യുന്നവരുടെ സംഖ്യ ഒട്ടും കുറവല്ല

സർവ്വശക്തനായദൈവത്തോടും തനിക്കേററം അടുത്തിരിക്കുന്നവരും തന്നോടുകൂടി പരമാനന്ദം അനുഭവിക്കുന്നവരുമായ പരിശുദ്ധന്മാരോടും കൂടിയുള്ള സാമൂഹ്യജീവിതത്തിന്റെ അഥവാ സഖിത്വത്തിന്റെ ഒരു പ്രകടനമാകുന്നു പ്രാർത്ഥന. കൃതജ്ഞതാസമ്പൂർണ്ണമായ കടമകളുടെ അന്യോന്യമുള്ള കൊടുക്കവാങ്ങലാകുന്നു പ്രാർത്ഥനമൂലം നടക്കുന്നതു്. നാം ദൈവത്തിന്റെ നേരെ നമുക്കുള്ള ഭക്തി സ്നേഹം കൃതജ്ഞത എന്നിവയെ പ്രകടിപ്പിക്കുന്നു ദൈവമാകട്ടെ തന്റെ അനുഗ്രഹത്തെ നമ്മിൽ ചൊരിയുന്നു. നമ്മുടെ നിസ്സാരമായ പ്രതിദിനആവശ്യങ്ങൾക്കായി തന്റെ സർവ്വജ്ഞാനത്തെയും താൻ ഉപയോഗിക്കുന്നു സർവ്വജഗന്നിയന്താവും സർവ്വജ്ഞാനവുമായിരിക്കുന്നദൈവത്തോടു് സ്ഥലകാലഭേദമെന്യെ സംഭാഷിക്കുവാനിടയാകുന്നതു് ഒരു മഹാസ്വാതന്ത്ര്യമല്ലെന്നു ആരു പറയും.?

കാപ്പിൽ കുര്യാക്കോസു് ശെമ്മാശു്
പി എച്ച്. ഡി റോമ്മാ.

# സച്ചിന്താവലി.

(പ്രാസംഗികൻ.)

നിനയ്ക്കുനീമൽസുത! മദ്യപന്മാർ
ധനത്തെനേടാനിടയില്ലതെല്ലും
കനത്തതല്ലാത്തവ സന്ത്യജിപ്പോ-
ർക്കനല്പമാം വീഴ്ചവരും ക്രമത്താൽ.

൫ പൂൎവ്വാൎദ്ധത്തിൽ പറയുന്ന സംഗതി വിദിതമാകയാൽ കൂടുതലായി ഒന്നും പറയേണ്ട ആവശ്യമില്ല. Verum ubi rerum testimonia adsunt nihil opus est verbis—കാൎയ്യങ്ങൾതന്നെ സാക്ഷിയായി നില്ക്കെ വാക്കുകൾകൊണ്ട് ആവശ്യമില്ല എന്നാണല്ലൊ സീസറൊ പറയുന്നതു്.

മദ്യത്തിലഭിഷ്ട, മുല്ലാസ-
പ്രിയം, ഭോഗേച്ഛയെന്നിവ
കലൎന്നബുദ്ധിഹീനന്മാ-
ൎക്കുണ്ടാവില്ല ധനോദയം.

വിഷയേച്ഛയുമുന്മാദ-
പ്രിയവും നീക്കിവെക്കുക
ഇതുരണ്ടിലുമുൾപ്പെട്ടാൽ-
ഗതിയില്ലിതു നിൎണ്ണയം.

എന്ന്, സുഭാഷിതങ്ങളിൽ പറഞ്ഞിട്ടുള്ളതും ഈ ഘട്ടത്തിൽ സ്മൎത്തവ്യമാണ്. "മത്സ്യം ഇരവിഴുങ്ങുമ്പോൾ ചൂണ്ടയാൽ പിടിക്കപ്പെടുന്നു; ഇതുപോലെ മനുഷ്യൻ മദ്യം പാനം ചെയ്യുമ്പോൾ സ്വയമേ പാനം ചെയ്യപ്പെടുന്നു"—എന്നുവെച്ചാൽ, അവന്റെ സൎവ്വസ്വവും നഷ്ടമാകുന്നു, എന്നാണ് വി. ബസീൽ (ad Filium Spirit) പറയുന്നതു്.

൬. ഉത്തരാൎദ്ധം മദ്യപന്മാരെപ്പററിയാണ് ഇവിടെ പറയുന്നതെങ്കിലും അതിൽ അടങ്ങിയിരിക്കുന്നതു സൎവ്വ സാധാരണമായ ഒരു തത്വമാണ്. അല്പാല്പം ത്യജിച്ചുകളയുന്ന വിദ്യാൎത്ഥി ശാസ്ത്രജ്ഞാനമില്ലാതെ തോററുപോകും. സ്വല്പ രോഗങ്ങളെ ചികിത്സചെയ്തു നീക്കാത്തവൻ മഹാരോഗങ്ങളിൽ ഉൾപ്പെടും. ചില്ലറക്കടം വീട്ടുവാൻ ഉപേക്ഷിക്കുന്നയാൾ വലിയ കടത്തിൽപ്പെട്ടു വലയും. നിസ്സാരമായ തീപ്പൊരി കെടുത്താതിരുന്നാൽ പെരുതായ അഗ്നിബാധയുണ്ടാകും. ഗൃഹനായകൻ അല്പ സ്വല്പ കാൎയ്യങ്ങളെ ഉപേക്ഷിച്ചുകളഞ്ഞാൽ നിലയില്ലാത്ത കുഴപ്പത്തിലാകും ചില്ലറ ലാഭങ്ങളെ പരിഗണിക്കാത്ത വൎത്തകനു മഹാനഷ്ടം വന്നുകൂടും. ആദ്ധ്യാത്മ വ്യാപാരത്തിൽ സംഭവിക്കുന്നതും ഈവിധം തന്നെ. അതിനാൽ അല്പ പാപത്തെ പരിത്യജിക്കാത്തവർ കഠിന പാപത്തിൽ പതിക്കുമെന്നു ക്രിസ്തീയ സഭാപിതാക്കന്മാരെല്ലാം ഈ വേദവാക്യത്തിൽ നിന്നു സമൎത്ഥിക്കുന്നു.

൭. വലിയ വസ്തുക്കളെല്ലാം പല ചെറിയതു കൂടിയുണ്ടാകുന്നതാണ്. ഏക സംഖ്യ പലതു കൂടുമ്പോളല്ലെ ലക്ഷങ്ങളും കോടികളും ഉണ്ടാകുന്നതു്? വളരെ മഴത്തുള്ളികൾകൂടി പെരുമഴയുണ്ടാകുന്നു. മലയാളത്തെ മാത്രമല്ല, പശ്ചിമ ഘട്ടത്തിനപ്പുറത്തുള്ള വിസ്തൃത ദേശവിഭാഗങ്ങളെക്കൂടിയും ഭയവിഹ്വലമാക്കുകയും, പുരകളുടെ മുകളിൽക്കൂടെയും കവിഞ്ഞൊഴുകി അനവധി ജീവനാശവും ദ്രവ്യനഷ്ടവും വരുത്തിക്കൂട്ടുകയും ചെയ്തു കഴിഞ്ഞയാണ്ടത്തെ (൯൯ കൎക്കടകം ജൂലായിലെ) ജലപ്രവാഹം ചെറിയ ചെറിയ ജലകണങ്ങളുടെ സംയോഗംകൊണ്ടുണ്ടായതാണല്ലൊ. മഹാ ശൈലങ്ങൾ ചെറിയതരികളുടെ സങ്കലനമാണ്. ബലമേറിയ കമ്പക്കയറു (വടം, അഥവാ, ആലാത്തു)കൾ ചെറിയ ചെറിയ ചകിരിത്തുരുമ്പുകളുടെ സംയോജനം തന്നെ. "നിന്റെ പാപങ്ങൾ അല്പങ്ങളെന്നു കരുതി അവയെ വകവെക്കാതിരിക്കരുതു്. എന്തെന്നാൽ മഴത്തുള്ളികൾ നദികളെയുണ്ടാക്കുന്നു, മലകളെ ഒഴുക്കുന്നു. വൃക്ഷങ്ങളെ ചുവടെ പറിച്ചുകൊണ്ടുപോകുന്നു" എന്ന് വി. അഗുസ്തീനോസ് (Serm. 44 De Temp.) പറഞ്ഞിരിക്കുന്നു.

൮. "ചെറിയതിനെ സൂക്ഷിക്കാതെ ഉപേക്ഷിച്ചുകളയുമെങ്കിൽ അറിയാതെ തന്നെ വലിയതിനെയും ഉപേക്ഷിക്കുവാനിടയാകും... ഒരു പൊരിയിൽ നിന്നു അഗ്നി വൎദ്ധിക്കുന്നു. ഒരു ചതിയൻമൂലം രക്തം ചൊരിയപ്പെടുന്നു" എന്നാണ് വി ഗ്രിഗോരിയോസു (X Moral, Cap IX.) പറയുന്നതു്. ചെറിയതു വലിയതിലേക്കുള്ള പാതയാകുന്നു. ഇന്ന് ഒരണ മോഷ്ടിക്കുന്നവൻ നാളെ രണ്ടും, മററെന്നാൾ മൂന്നും, ഒടുവിൽ വലിയ തുകകളും മോ

ഷ്ടിക്കുകയും തസ്കരപ്രമാണിയായിത്തീരുകയും ചെയ്യും. തൂക്കുമരത്തിൽനിന്നു രഹസ്യം പറയുവാനെന്ന ഭാവത്തിൽ അമ്മയെ സമീപത്തു വിളിക്കയും അവളുടെ കാതു കടിച്ചുപറിക്കയും ചെയ്ത ചോരനായ ബാലൻെറ വാക്കുകൾ എന്താണു നമ്മെ മനസ്സിലാക്കുന്നതു?

ഉ. അധികം സംസാരിക്കുന്നവരിൽ പരദൂഷണഭാഷണമുണ്ടാകുന്നു. അധിക സംസൎഗ്ഗം മൂലം ദുരാശകൾ ഉത്ഭവിക്കുന്നു. "ദരിദ്രരുടെ വക സ്വന്തമാക്കി ശീലിച്ചതുകൊണ്ടല്ലേ യൂദാ ഒടുവിൽ സ്വഗുരുവായ മ്ശിഹായെ ഒററിക്കൊടുക്കുവാനിടയായതു്?... ദ്രവ്യാഭിമാനത്തെ വൎജ്ജിക്കുവാൻ ഉപേക്ഷിച്ചതുകൊണ്ടല്ലേ യൂദന്മാർ ഒടുവിൽ മ്ശിഹായെ കൊലപ്പെടുത്തിയതു്? .. ഒരുവനും പെട്ടെന്നു ദുഷ്ടനാകുന്നില്ല." എന്നു് വി ക്രിസോസ്തോമോസ് (homil. 88. in Math ) പറയുന്നു. ആകയാൽ ഒരു തിന്മയേയും അല്പമെന്നു കരുതാതെ അതു വലിയതിൻെറ ആരംഭവും അതിലേയ്ക്കുള്ള വഴിയുമാണെന്നു കരുതി നാം അവയെ വൎജ്ജിക്കണം.

ക. നി. മൂ. സ. മാണിക്കത്തനാർ.

# ചോദ്യപ്പെട്ടി.

(റസ്സൽമതക്കാരുടെ ചില ചോദ്യങ്ങൾ)

ചോദ്യം. സൃഷ്ടിപ്പിൻെറ പുസ്തകത്തിൽ ആദിയിൽ ദൈവം ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചു' എന്നു പറയുന്നു. നരകത്തേയും കൂടി സൃഷ്ടിച്ചു എന്നു എന്തുകൊണ്ടു പറയുന്നില്ല?

ഉത്തരം. നരകം ആദിയിൽ സൃഷ്ടിക്കപ്പെട്ടതല്ല; അതു് അധൎമ്മികൾ ഉണ്ടായതിൻെറ ശേഷം ഉണ്ടാക്കപ്പെട്ടതാണ്.

ചോ. "പുതിയ ആകാശത്തേയും പുതിയ ഭൂമിയേയും കണ്ടു" എന്നു വെളിപാടിൽ വിശുദ്ധ യോഹന്നാൻ പറയുന്ന ഒരു പുതിയ നരകത്തേക്കൂടി കണ്ടതായി വൎണ്ണിക്കുന്നില്ലല്ലൊ?

ഉ. അക്കാലത്തു പുതിയ നരകം ഉണ്ടായിരുന്നില്ല. നിത്യദണ്ഡനമല്ലാത്ത പുതിയ നരകം ഇടക്കാലത്തു നമ്മുടെ ഓൎമ്മയ്ക്കുള്ളിൽ ഉണ്ടായതാണല്ലൊ. എന്നാൽ പഴയ നരകത്തെക്കുറിച്ചു് വി. യോഹന്നാൻ കണ്ടതു് വെളിപാടിൽ തന്നെ വൎണ്ണിക്കുന്നുണ്ടു്. "അവരുടെ ദണ്ഡനത്തിൻെറ പുക എന്നെന്നേയ്ക്കും പൊങ്ങും." (൧൪; ൧൧;) "അവർ എന്നന്നേയ്ക്കും രാപകൽ ദണ്ഡിപ്പിക്കപ്പെടും" (൨൦–൧൦)

ന. ചോ. ദൈവം ആദാമിനോടു കല്പന ലംഘിച്ചാൽ നീ മരിക്കുമെന്നാണു പറഞ്ഞതു്. നരകത്തിൽ പതിക്കുമെന്നു പറഞ്ഞതായി കാണുന്നില്ല. അതിനാൽ നരകം ഉണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നതിൻെറ പ്രമാണം എന്തു്?

ഉ. പ്രമാണം എന്തെന്നു കഴിഞ്ഞ ലക്കത്തിൽ "അധൎമ്മികളും നിത്യനരകവും" എന്ന ലേഖത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. അതിനു വിപരീതമായിട്ടല്ല ആദാമിനോടു ദൈവം പറഞ്ഞതെന്നു് ഇവിടെ സാധിച്ചാൽ മതിയാകുമല്ലൊ. മരിക്കും എന്നു പറഞ്ഞാൽ, ജീവൻ നഷ്ടപ്പെടും എന്നാണല്ലൊ അൎത്ഥം എന്നാൽ ജീവൻ എന്ന പദത്തിനു വേദത്തിൽ അക്ഷരാൎത്ഥത്തിനു പുറമെ ഒരു സാദൃശ്യാൎത്ഥം കൂടിയുണ്ടു്. ഉദാഹരണമായിട്ടു് മുൻ ഉദ്ധരിച്ച വി. മർക്കോസ്, ൯–൪൩, ൪൫, ൪൭, വാക്യങ്ങൾ വായിക്കുക. ഊനനായി ജീവനിലേക്കു കടക്കുന്നതു്, മുടന്തനായി ജീവനിലേക്കു കടക്കുന്നതു്, ഒററക്കണ്ണനായി ജീവനിലേക്കു പ്രവേശിക്കുക' ഇത്യാദി വേദവാക്യങ്ങളിൽ ജീവനെന്ന പദം സൂചിപ്പിക്കുന്നതു് സ്വൎഗ്ഗീയ നിത്യഭാഗ്യമാണെന്നു സൎവ്വസമ്മതമാകുന്നു. ഈദൃശ്യജീവൻ നഷ്ടപ്പെടുന്നതിലാണല്ലൊ നരകം അടങ്ങിയിരിക്കുന്നതു്. അതിനാൽ വേദത്തിലെ മരണശബ്ദം നരകബോധത്തെ ബഹിഷ്കരിക്കുന്നില്ലെന്നു മാത്രമല്ല, അതിനെ പ്രായേണ സംഗ്രഹിക്കയും ചെയ്യുന്നുണ്ടു്. ദൃഷ്ടാന്തമായി (വെളിപാടു്, ൨–൧൦, ൧൧)

"മരണപര്യന്തം വിശ്വസ്ഥനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കുതരും ............... ജയിക്കുന്നവൻ രണ്ടാം മരണത്താൽ ഛേദിക്കപ്പെടുകയില്ല." എന്ന വാക്യത്തിലെ ആദ്യത്തെ മരണം അക്ഷരാർത്ഥമായ ദേഹവിയോഗത്തേയും, രണ്ടാംമരണം നരകത്തേയുമല്ലയോ സൂചിപ്പിക്കുന്നത്? സംശയമുണ്ടെങ്കിൽ, 'ഈ തീപ്പൊയ്കതന്നെ രണ്ടാമത്തെ മരണം' എന്ന് വിശുദ്ധ യോഹന്നാൻ (വെളിപാട് ൨൦, ൧൪) തെളിച്ചു പറഞ്ഞിരിക്കുന്നതു കൂടി സ്മരിച്ചുകൊണ്ട്, ആദാമിനോട് 'നീ മരണത്താൽ മരിക്കും' എന്നു ദൈവം പറഞ്ഞ അവസരത്തിൽ ഏതു തരം മരണത്താൽ അവൻ മരിക്കുമെന്ന് ക്ലിപ്തമായി താൻ വെളിപ്പെടുത്താത്ത നിമിത്തം ഇരുതരം മരണത്താലും മരിക്കേണ്ടവനായിരുന്നില്ലെന്ന് എന്തു നിശ്ചയം?

ഫാദർ ജെയിംസ് കാളാച്ചേരി,
പി എച്ച്. ഡി, ഡി. ഡി.

## വി. പാസ്ക്കൽ ബയിലോൺ

IV.

മുൻപ്രസ്താവിച്ചവിധം പാസ്കൽ യാത്ര പറഞ്ഞുപിരിഞ്ഞ ഇടയത്തൊഴിലിൽ വീണ്ടും പ്രവേശിക്കുന്നതിനു നിർബ്ബന്ധിതനായി. ഏതായാലും തന്റെ അഗ്രഹവിഷയമായ സന്യാസസഭയോടു കഴിയുന്നതും അടുത്തിരിക്കണമെന്നുള്ള അതിയായ ആഗ്രഹത്താൽ ആശ്രമസമീപസ്ഥനായ മാർട്ടിൻ ഗ്രാസിയാ എന്നൊരു ധനാഢ്യന്റെ ഭൃത്യനായി ജോലിആരംഭിച്ചു. അജപാലകവൃത്തി നടത്തുന്നതിനിടക്കുമൻപുലാസീറിയായിലായിരുന്നപ്പോൾ അനുഷ്ഠിച്ചുപോന്ന താപസികജീവിതംതന്നെ ഈ സ്ഥലത്തും തുടൎന്നുകൊണ്ടുപോന്നു. ഇവിടെനമ്മുടെയുവാവിന്റെഭക്തതീക്ഷ്ണതയ്ക്കു മാന്ദ്യംഭവിച്ചില്ലെന്നു മാത്രമല്ല സന്യാസജീവിതമവലംബിക്കണമെന്നുള്ള സുകൃതേച്ഛയാൽഅതു പൂൎവ്വാധികംപ്രോജ്വലിക്കുകകൂടെയുമാണുണ്ടായത്. സൂൎയ്യോദയത്തിനു മുൻപായി ലൊരത്തുമാതാവിന്റെ ദേവാലയത്തിനു നേരെ തിരിഞ്ഞു മുട്ടുകുത്തിനിന്നു പ്രാൎത്ഥിക്കുന്നതു പാസ്കലിന്റെ സാധാരണ മായായിരുന്നു.

ഒരിക്കൽജപമാരംഭിച്ചാൽ അതിൽനിന്നു നമ്മുടെ യുവാവിന്റെ ശ്രദ്ധയെ പിൻവലിക്കുന്നതിനു പ്രാപ്തമായി യാതൊന്നുംകണ്ടെത്തിയിരുന്നില്ല. ഘോരമായ മഴയാകട്ടെ ശക്തിയേറിയ കാററാകട്ടെ എന്തുതന്നെ നേരിട്ടാലും അവയെല്ലാം പ്രസ്തുത സമയത്തു അയാൾക്കു തീരെ അജ്ഞാതങ്ങളായിരുന്നു. ഇതെല്ലാംകൂടി ആലോചിക്കുമ്പോൾ നമ്മുടെ സുകൃതിയെ മാലാഖമാരുടെ ദൈവാരാധനക്കാരനെന്നു നാമകരണം ചെയ്യുന്നതിനു ആരും സന്ദേഹിക്കുമെന്നു തോന്നുന്നില്ല.

മേൽപ്രസ്താവിക്കപ്പെട്ടിട്ടുള്ള ആശ്രമദേവാലയത്തിൽ പൂജാൎപ്പണസമയമാകുമ്പോഴെല്ലാം പാസ്കൽ ഭക്തതീക്ഷ്ണതയാൽ ഉജ്വലിച്ചു ആ ദിവ്യബലിയെക്കുറിച്ചുള്ള ധ്യാനത്തിൽ നിമഗ്നനായി തീരുകയാണ് പതിവ്. ദേവാലയം തന്റെ വസതിയിൽനിന്നു കുറെ ദൂരമായിരുന്നതിനാൽ അനുദിനം ദിവ്യപൂജയിൽ സഹകരിക്കുന്നതിനു അയാൾക്കു നിൎവ്വാഹമില്ലാതെ വന്നതുകൊണ്ടു വാരത്തിൽ ഏതാനും ദിവസങ്ങൾ മാത്രമേ അതിനു സാധിച്ചിരുന്നുള്ളു. ആ! ഈ ദൈവസ്നേഹപൂരിതമായ ആ ബാലഹൃദയത്തെ എത്രകണ്ടു ഭേദിച്ചിരിക്കണം.

ഈ നഷ്ടം പരിഹരിക്കുന്നതിനു അയാളുടെ ഭക്തതീക്ഷ്ണത വേറൊരുമാൎഗ്ഗം കണ്ടെത്താതിരുന്നില്ല. ആശ്രമദേവാലയത്തിലെ മണിനാദം കേട്ടാലുടൻ പൂജ അൎപ്പിക്കുന്ന പുരോഹിതനോട് അദ്ധ്യാത്മനാ ഏകോപിച്ചുകൊണ്ടു

പള്ളിയിലായിരുന്നാലെന്നപോലെ ദിവ്യബലിയുടെ വിവിധഭാഗങ്ങളെ പാസ്സൽ അനുഗമിക്കുമാറായിരുന്നു.

ഈവിധം തിരുവോസ്തി ഉയർത്തുന്നതു കാണുന്നതുപോലെയുള്ള നോട്ടവും അതിനെ സംബന്ധിച്ചുള്ള ചിന്തകളും മുഖാന്തിരം നമ്മുടെ പുണ്യബാലൻ ദൈവസ്നേഹത്തിൽ ലയിച്ചുപോയിരുന്നു. ഏതാദൃശ ചിന്തകൾക്കു ദൈവം അത്ഭുതകരമായ വിധത്തിലാണു് പ്രതിസമ്മാനം നൽകിയിരുന്നതു്.

ഒരുദിവസം ബ: ളൂയീസ് അന്തോൻ എന്ന ഗുരു പറയുന്നതുപോലെ, തിരുവോസ്തി ഉയർത്തുന്നതായി അറിയിക്കുന്ന ആശ്രമ ദേവാലയത്തിലെ മണികൾ മുഴങ്ങിയതിനോടെ നമ്മുടെ കഥാനായകൻ ദൈവസ്നേഹാഗ്നിയിൽ എരിഞ്ഞു. ഇനി ഒട്ടുംതന്നെ ദൈവത്തിൽ നിന്നു അകന്നിരിക്കുവാൻ നിർവ്വാഹമില്ലെന്നുള്ള പദ്ധതിയിലെത്തി. അനിർവ്വചനീയമായ ഒരു പീഡ അയാളെ ബാധിച്ചു. അതിന്റെ അത്യുഗ്രത നിമിത്തം "ഓ! ആരാധിക്കത്തക്ക നാഥാ! അങ്ങേ ദർശിക്കുന്നതിനുള്ള ഭാഗ്യം എനിക്കു നൽകേണമെ"യെന്നു അയാൾ വിളിച്ചുപറഞ്ഞുപോയി. വിശ്വാസം, ശരണം, ഉപവി, എന്നീ ത്രിവിധ സുകൃതങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രസ്തുത പ്രാർത്ഥന അധരങ്ങളിൽനിന്നു പൊഴിഞ്ഞതിനോടേ എത്രയും ശോഭായമാനമായ ഒരു പ്രഭ ആകാശമണ്ഡലത്തിൽ പ്രത്യക്ഷപ്പെട്ടു. മിശ്രദേശന്മാർക്കു കാണപ്പെട്ട ആ നക്ഷത്രത്തിന്റെകാന്തിയോടു തുല്യമായിരുന്നു ഈ ശോഭ. ഇതു ശക്തിയായി പ്രകാശിച്ചശേഷം അപ്രത്യക്ഷമായി. അനന്തരം മേഘങ്ങൾ രണ്ടായി വിഭജിക്കപ്പെട്ടു; അതിലൂടെ കാസായിൽ നിന്നുയർന്നു നില്ക്കുന്ന വി. കുർബ്ബാനയെ വാനാരൂപികൾ ആരാധിക്കുന്നതായി യുവാവിന്റെ ദൃഷ്ടിക്കു ഗോചരീഭവിച്ചു. തന്റെ സ്നേഹഭാജനമായ വിശുദ്ധ കുർബാനയിലെ ഈശോയെ കണ്ടതിനോടെ നമ്മുടെ സുകൃതി സ്നേഹാരാധനചിന്തകളാൽ പൂരിതനായും അധോമുഖനായും നിലംപതിച്ചു. കുറെ കഴിഞ്ഞു ഈ പാരവശ്യത്തിൽ നിന്നുണർന്നു ആ സ്വർഗ്ഗീയാതിഥിയെ വീണ്ടുമൊന്നു ദർശിച്ചശേഷം അയാൾ എഴുന്നേറ്റു കൂട്ടുകാരുടെപക്കലേക്കു ഓടിച്ചെന്നു് "മുട്ടുകുത്തുവിൻ, മുട്ടുകുത്തുവിൻ; മുകളിൽ പൊൻകാസായും തിരുവോസ്തിയിൽ നിന്നു വീശുന്ന പ്രകാശവും നിങ്ങൾ കാണുന്നില്ലയൊ; അതു അൾത്താരയിലെ വി. കുർബ്ബാനതന്നെയാകുന്നു; ഇതാ! മാലാഖാമാർ ആ സ്വർഗ്ഗീയ മന്നായെ ആരാധിക്കുന്നു; വരുവിൻ നമുക്കു അങ്ങേ ആരാധിക്കാം" എന്നുച്ചത്തിൽ വിളിച്ചുപറഞ്ഞു. പക്ഷേ ഈദൃശമായ അവസരങ്ങളിൽ സാധാരണ സംഭവിക്കാറുള്ളതുപോലെ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട പാത്രമായ നമ്മുടെ പുണ്യശ്ലോകനു മാത്രമല്ലാതെ സഖാക്കളിലാർക്കും ആ സ്വർഗ്ഗീയ ദർശനത്തെ വീക്ഷിക്കുന്നതിനു സാധിച്ചില്ല. എങ്കിലും സുകൃതവാനായ കൂട്ടിടയൻ വ്യാജം പറയുകയില്ലെന്നുള്ള ദൃഢബോധത്താൽ അവരും വി. കുർബാനയ്ക്കു സാഷ്ടാംഗവന്ദനം ചെയ്തു. കണ്ടില്ലെങ്കിലും കണ്ടപോലെ അവർ വിശ്വസിച്ചു. പ്രസ്തുത ദർശനത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചു അവരിൽ ആർക്കും തന്നെ സന്ദേഹമുണ്ടായില്ല.

ഫാദർ മർസ്സലീൻ സി. ഡി.

## കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു്.

### ഡോമ്നിക്കു സാവ്യോ.

X. ദിവ്യകാരുണ്യം.

പ്രിയകുഞ്ഞുങ്ങളേ!

ഒരാണ്ടവസാനിച്ചു് വേറൊരാണ്ടിതാ ആരംഭിച്ചിരിക്കുന്നു. ആണ്ടവസാനത്തിൽ ഇച്ഛാഭംഗത്തിനിടയാകാതെയിരിക്കണമെങ്കിൽ ആരംഭത്തിലേ നല്ല നിശ്ചയങ്ങൾ ചെയ്തു പ്രവൃത്തി തുടങ്ങണം. ഓരോ ദിവസത്തേ

അവനവൻെറ കൃത്യങ്ങൾ ശരിയായി നിറവേററുന്നവക്ക ഒരു കൊല്ലവും ഒട്ടുക്കം ഇഛാഭംഗത്തിന്നിടയുണ്ടാകയില്ല. അന്നന്നത്തെ ജോലികൾ നാളെനാളെ എന്നു കരുതി നീട്ടിക്കൊണ്ടു പോകുന്നവക്ക ഒരാണ്ടും മനസ്താപത്തിന്നല്ലാതെ ഇടയുണ്ടാകുന്നതുമല്ല. അതുകൊണ്ടു ഇക്കാൎയ്യത്തിൽ ഇയ്യാണ്ടു നിങ്ങൾ ഒന്നു പ്രത്യേകം മനസ്സു വയ്ക്കണം.



ഡോമ്നിക്കിൻെറ പാപസങ്കീൎത്തന സാമ്പ്രദായത്തെപ്പററിയാണല്ലോ മുമ്പൊരവസരത്തിൽ പറഞ്ഞു നിറുത്തിയതു. ഇത്തവണ നമ്മുടെ പുണ്യബാലൻെറ ദിവ്യകാരുണ്യ ഭക്തിയെപ്പററി അല്പം പറയാം. ദിവ്യകാരുണ്യഈശോയേ സ്നേഹിക്കാത്ത കുട്ടികൾ നല്ല കുട്ടികളായിത്തീരാൻ അസാദ്ധ്യമാണെന്നു ഡോമ്നിക്കു പൂൎണ്ണമായി ഗ്രഹിച്ചിരുന്നു. ഇതിനാൽ കൂടക്കൂടെ ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതിനും, ദിവ്യകാരുണ്യത്തെ സന്ദശിക്കുന്നതിനും എപ്പോഴും തന്നത്താൻ ശ്രമിക്കയും ശേഷംപേരോടു ഉപദേശിക്കയും ചെയ്തുവന്നു. കടശികാലങ്ങളിൽ ദിവസംപ്രതി ദിവ്യകാരുണ്യം ഉൾക്കൊണ്ടിരുന്നു. പിറേറദിവസം കുൎബ്ബാന കൈക്കൊള്ളേണ്ടതാണെന്നുള്ള ഓൎമ്മ ഓരോ ദിവസവും അല്പകുററങ്ങളിൽ നിന്നുപോലും അകലുന്നതിനു നമ്മുടെ ബാലനേ സഹായിച്ചിരുന്നു. തലേദിവസം രാത്രിതന്നേ കുൎബ്ബാനകൈക്കൊള്ളപ്പാടിനുള്ള ഒരുക്കം ആരംഭിക്കും. തൻെറ ചെറിയ ജപപ്പുസ്തകത്തേ എപ്പോഴും ഇതിലേക്കു ഉപയോഗപ്പെടുത്തിയിരുന്നു. ദിവ്യകാരുണ്യ ഈശോ ഹൃദയത്തിൽ എഴുന്നുള്ളിവന്നുകഴിഞ്ഞാലുള്ള ഉപകാരസ്മരണയുടെ സംഗതി പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ഈശോയോടുള്ള സ്നേഹസംഭാഷണത്തിൽ ലയിച്ചു്, കൂട്ടരു ദേവാലയത്തിൽ നിന്നു പോകുന്നതു അറിയാതെ ഡോമ്നി പലപ്പോഴും അവിടെ തനിയേ ശേഷിപ്പാനിടയായിട്ടുണ്ടു്. ഹാ! എന്തെല്ലാം മധുരസല്ലാപങ്ങളാണു ആ പരിശുദ്ധബാലൻ ആ നേരത്തു ഈശോയുമായിക്കഴിച്ചിരുന്നതു. ആഴ്ചയിൽ ഓരോ ദിവസം ഓരോ പ്രത്യേക നിയോഗത്തിനു വേണ്ടി തൻെറ കുൎബ്ബാന കൈക്കൊള്ളപ്പാടു നടത്തിവന്നു. ഞായറാഴ്ച പരിശുദ്ധ ത്രീത്വത്തിൻെറ സ്തുതിക്കുവേണ്ടി ആയിരുന്നു; തിങ്കളാഴ്ച തൻെറ ഉപകാരികൾക്കു വേണ്ടി; ചൊവ്വാ പേരിൻെറ പുണ്യവാനേയും കാവൽമാലാഖായേയും കുറിച്ചു; ബുധൻ ദൈവജനനിക്കു വേണ്ടിയും പാപികളുടെ മാനസാന്തരത്തിനും; വ്യാഴം ശുദ്ധീകരാത്മാക്കളെക്കുറിച്ചു; വെള്ളി കൎത്താവിൻെറ പങ്കപ്പാടുകളെക്കുറിച്ചു; ശനി നല്ലമരണംകിട്ടുന്നതിനു മാതാവിനെക്കുറിച്ചു്; ഈവിധത്തിൽ ഓരോ തവണയും നവമായ ഓരോ മാൎഗ്ഗം ഉപയോഗിച്ചു തൻെറ ദിവ്യകാരുണ്യ സ്വീകരണം ഫലപ്പെടുത്തി എടുത്തിരുന്നു.

ദിവസത്തിൽ ഒരു പ്രാവശ്യമെങ്കിലും കണിശമായി ദിവ്യകാരുണ്യ ഈശോയെ ചെന്നു സന്ദശിച്ചിരുന്നു. തൻെറ ജപപ്പുസ്തകത്തിലെ പരിഹാര ജപങ്ങൾ ചെല്ലുന്നതിനായിട്ടാണു ആനേരം വിനിയോഗിച്ചിരുന്നതു്. അവിടെ ഒരു മാലാഖയെപ്പോലെ ഈ പുണ്യബാലൻ തൻെറ കൎത്താവിനെ ആരാധിച്ചുകൊണ്ടുനില്ക്കുന്നകാഴ്ച തന്നെ ശേഷമുള്ളവക്കു ഭക്തിവദ്ധനയ്ക്കു കാരണമായിരുന്നു. രോഗികൾക്കു ദി

വ്യകാരുണ്യം കൊടുപ്പാൻ പോകുന്ന പട്ടക്കാരനോടൊന്നിച്ചു പോകുന്നതു ഡോമ്നിക്കിനു വളരെ ഇഷ്ടമുള്ള ഒരു ജോലിയായിരുന്നു. ഒരിക്കൽ ചെളിനിറഞ്ഞ ഒരു വഴിയിൽ നമ്മുടെ പുണ്യബാലൻ നില്ക്കുമ്പോൾ പട്ടക്കാരൻ അതിലേ കുർബാന എഴുന്നള്ളിച്ചുകൊണ്ടു വന്നു. പെട്ടന്നു ഡൊമ്നി അവിടെ മുട്ടുകുത്തി. അതിന്നു ആവശ്യമില്ലായിരുന്നെന്നു ഒരു കൂട്ടുകാരൻ അപഹസിച്ചപ്പോൾ "എന്റെ കർത്താവു വരുമ്പോൾ ചെളിയിൽമാത്രമല്ല തീയിൽ വേണ്ടിവന്നാലും മുട്ടുകുത്താൻ ഞാൻതയാറുണ്ടു്" എന്നാണു ഡൊമ്നിമറുപടി പറഞ്ഞതു. വേറൊരിക്കൽ വിശുദ്ധ കുർബാന വഴിയേകൊണ്ടുപോകയിൽ ഒരു പടയാളി മുട്ടുകുത്തി ആചാരം ചെയ്യാതെ നിൽക്കുന്നതു ഡൊമ്നിക്കു കണ്ടു്, തന്റെ തൂവാല അയാളുടെ മുമ്പാകെ വിരിച്ചുകൊണ്ടു അതിന്മേൽ മുട്ടുകുത്തിക്കൊള്ളുന്നതിനു ആംഗ്യംകാണിച്ചു. പടയാളി വല്ലാതെ അബദ്ധനായെന്നു പറയേണ്ടതില്ലല്ലോ. തൂവാല കൂടാതെ തന്നെ വഴിമദ്ധ്യത്തിൽ അയാൾ മുട്ടുകുത്തി. ഇങ്ങനെ പറഞ്ഞുതുടങ്ങിയാൽ ഡൊമ്നിക്കിന്റെ ദിവ്യകാരുണ്യഭക്തിയുടെ പല ദൃഷ്ടാന്തങ്ങൾ പറവാനുണ്ടെങ്കിലും ഇതുകൊണ്ടുമതിയാക്കുന്നു.

പ്രിയകുഞ്ഞുങ്ങളേ! ഇനി നിങ്ങൾ ഒന്നോർത്തുനോക്കുക. വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ചിട്ടുള്ള ദേവാലയത്തിൽ പ്രവേശിച്ചാൽ നമ്മുടെ സ്വർഗ്ഗീയ രാജാവു അവിടെ സന്നിഹിതനായിരിക്കുന്നെന്നുള്ള ബോധം നിങ്ങൾക്കു വേണ്ടപോലെ ഉണ്ടാകുന്നുണ്ടോ? ഉണ്ടെങ്കിൽ ആ വിശുദ്ധസ്ഥലത്തെ നിങ്ങളുടെ പെരുമാററം അതിനനുസരിച്ച വിധമാണോ? നിങ്ങളുടെ ദിവ്യകാരുണ്യസ്വീകരണം എപ്പോൾ, എങ്ങനെ? ദിവ്യകാരുണ്യത്തിനു ഇടക്കു ഒരു സന്ദർശനം കഴിക്കുന്ന സമ്പ്രദായംതന്നെ നിങ്ങൾക്കുണ്ടോ? രോഗികൾക്കു ദിവ്യകാരുണ്യം കൊണ്ടുപോകുന്നതു കാണുമ്പോഴുള്ള നിങ്ങളുടെ നടപടികൾ എങ്ങനെ? ഈ സംഗതികളിലെല്ലാം ഈ മാസത്തിൽ പ്രത്യേകം ശ്രദ്ധിക്കുക. തീർക്കണമെന്നു കരുതി ശ്രമിച്ചാൽ ഏതു കുറവും തീരും. സംശയിക്കണ്ട. ഒരു ദിവസം മുടങ്ങാതെ എന്റെ കുർബാനയിൽ ഞാൻ നിങ്ങളെ എല്ലാവരേയും ഓർത്തു കർത്താവിന്റെ തിരുഹൃദത്തിനു കാഴ്ചകൊടുക്കുന്നുണ്ടു്. ഉണ്ണിഈശോ നിങ്ങളേ ആശീർവ്വദിക്കട്ടെ.

എന്നു നിങ്ങളുടെ സ്വന്തംകൊച്ചച്ചൻ.

P. S. കുസുമമത്സരകാര്യത്തിൽ പലരും ശുഷ്കാന്തിപൂർവ്വം ശ്രമിച്ചുവരുന്നതായി അറിയുന്നതിൽ സന്തോഷിക്കുന്നു. സമയച്ചുരുക്കത്താലും, പലരും നിശ്ചയിക്കപ്പെട്ട മുറക്കു എഴുതി അയക്കാഞ്ഞതുകൊണ്ടും പുതിയ വരിക്കാരുടെ ഇടവക തിരിച്ചുള്ള ലിസ്റ്റ് ഇത്തവണ പ്രസിദ്ധപ്പെടുത്താൻ സാധിക്കാതെയാണു വന്നിരിക്കുന്നതു്. എന്നുതന്നെയല്ല, ഒന്നാമത്തെ തവണ ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ തന്നെ കുഞ്ഞുമക്കളുള്ള എല്ലാ ഇടവകകളുടേയും പേരുകൾ അതിൽ ഉൾപ്പെട്ടുകാണ്മാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതേവരെ ഇക്കാര്യം അറിഞ്ഞിട്ടില്ലാത്തവരേയെല്ലാം വിവരം ഗ്രഹിപ്പിക്കുന്നതിനു എല്ലാവരും ഉത്സാഹിക്കണമെന്നു പറയേണ്ടതില്ലല്ലോ. നിശ്ചയിക്കപ്പെട്ടിരുന്ന രീതിക്കു എഴുതിഅയക്കുന്നവരുടെ പേരുകൾ മാത്രമേ മത്സരത്തിൽ ഉൾപ്പെടുത്തുകയുള്ളുവെന്നു പ്രത്യേകം അറിയിച്ചേക്കണം. ഒരിടത്തുനിന്നു നാലുപേരുകൂടി ഒരാളുടെപേരിൽ 4 രൂപാ അയച്ചു. മണിയോർഡർകൂപ്പന്റെ താഴെവിവരംഎഴുതിയിട്ടുണ്ടു്. അതിനുപുറമെ നാലുപേരും ഓരോ എഴുത്തും എഴുതിയിരിക്കുന്നു. ആ എഴുത്തുകൾ വെറും അനാവശ്യനഷ്ടമല്ലേ?. ഇങ്ങനെയുള്ള അല്ല കാര്യങ്ങളിലും നിങ്ങൾ ശ്രദ്ധിച്ചുകാണ്മാൻ ആഗ്രഹിക്കുന്നു ശ്രമിക്കുക! കുഞ്ഞുമക്കൾ വലിയ കാര്യങ്ങൾ ചെയ്യുന്നതു ലോകം കാണുന്നതിനിടയാകും.

സ്വന്തം കൊച്ചച്ചൻ.

# തിരുഹൃദയഭക്തന്മാർ ൧൯൨൭ മകരമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

## കത്തോലിക്കാ പരിശ്രമങ്ങളുടെ ക്രമീകരണം.

ഇന്നു ലോകത്തിൽ നാം കാണുന്ന ഓരോരോ പരിശ്രമങ്ങളും അതാതിന്റെ ലാക്കനുസരിച്ച് ക്രമപ്പെടുത്തിയിരിക്കുന്നതായി കാണാം. ഇപ്രകാരമുള്ള ക്രമപ്പെടുത്തലിന്റെ ഫലമായിട്ടു ഈ പരിശ്രമങ്ങൾ അഭിവൃദ്ധിപ്രാപിക്കുന്നു. എന്നല്ല അഭിവൃദ്ധിക്കു ക്രമപ്പെടുത്തൽ ഒഴിച്ചുകൂടാത്ത ഒരു മാർഗ്ഗവുമാകുന്നു.



കേവലം ലൌകികകാര്യങ്ങളിലെന്നപോലെ കത്തോലിക്കാപരിശ്രമങ്ങളിലും ക്രമപ്പെടുത്തൽ സർവ്വപ്രധാനമാണ്. ഈവിധ എല്ലാപരിശ്രമങ്ങളുടെയും വിജയം ദൈവസഹായത്തെയാണ് പ്രധാനമായി ആശ്രയിച്ചിരിക്കുന്നതു് എന്നുള്ളതു നേരുതന്നെ. എന്നുവരികിലും ദൈവം മനുഷ്യപ്രയത്നത്തെ സഹായിച്ചു സംരക്ഷിക്കു മാത്രമാണ് സാമാന്യം ചെയ്യുന്നതു. ഈ തത്വം നല്ലപോലെ ധരിച്ചിരിക്കുന്ന കത്തോലിക്കാതിരുസ്സഭ ആദ്യകാലംമുതൽ സാമുദായികമായും ആദ്ധ്യാത്മികമായും മററുമുള്ള തന്റെ പരിശ്രമങ്ങളേ എല്ലാം ശരിയായി ക്രമപ്പെടുത്തുന്നതിൽ ശ്രദ്ധപതിച്ചിരുന്നതായി തിരുസഭാചരിത്രത്തിൽനിന്നുകാണാം. തിരുസ്സഭയുടെ പവിത്രാധിപത്യത്തിലെ ചലപദവികളും, കത്തോലിക്കാസഭയെ അലങ്കരിക്കുന്ന വിവിധ സന്യാസസഭകളും ഭക്തസഖ്യങ്ങളും ഈ തത്വത്തിന്റെ വാസ്തവം തെളിയിക്കുന്നു. ആറാംപട്ടസ്ഥാനം ആദ്യമായി ഏർപ്പെടുത്തിയതു ആദ്യക്രിസ്ത്യാനി സമുദായത്തിലെ അനാഥരായ വിധവകളാദിയായവരുടെകാര്യങ്ങൾ ശരിയായി അന്വേഷിക്കുന്നതിനായിരുന്നല്ലോ. അടിമകളെ വിമോചിക്കുന്നതിനും, കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുംമററും വെവ്വേറെ സന്യാസസഭകൾ ഏർപ്പെടുത്തപ്പെട്ടിരിക്കുന്നതായും നാം കാണുന്നുണ്ടല്ലൊ.

ആധുനിക കാലത്തു ഭക്തസംഘങ്ങൾ വളരെ വർദ്ധിച്ചിട്ടുണ്ട്. വേദപ്രചാരവേലയിൽ പണസഹായം ചെയ്യുന്നതിനുള്ള വേദപ്രചാരസംഘം, അജ്ഞാനിശിശുക്കളെ സത്യവേദത്തിൽ ചേർത്തു സംരക്ഷിക്കുന്നതിനുള്ള തിരുബാല്യസംഘം ആദിയായി അനവധി മാർഗ്ഗങ്ങളിലൂടെ കത്തോലിക്കർ പരിശ്രമിച്ചുവരുന്നുണ്ട്. ഈ പരിശ്രമങ്ങളെല്ലാം ശരിയായി ക്രമപ്പെടുത്തിയിരിക്കുന്നു എന്നു പറയാൻ നിവൃത്തിയില്ല. കുറേ മാസങ്ങൾക്കുമുമ്പ്, ലോകമെങ്ങും വ്യാപിച്ചിരിക്കുന്ന വേദപ്രചാരസംഘങ്ങളെയെല്ലാം ക്രമപ്പെടുത്തുകയും അതുകളുടെ കേന്ദ്രം റോമ്മായിൽ സ്ഥാപിക്കയും ചെയ്തതിന്റെ ഫലമായി വേദപ്രചാരജോലി പൂർവ്വാധികം ഊർജ്ജിതമായി നടന്നുവരുന്നു. കത്തോലിക്കാലോകത്തിന്റെ നാനാഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന സംഘങ്ങളെ യോജിപ്പിച്ചു ക്രമപ്പെടുത്തുന്നതിന്റെ ഫലമായി പണലാഭവും സമയലാഭവും സംഘാംഗങ്ങളുടെ വർദ്ധനയും ഉണ്ടാകും. കൂടാതെയും ഈ വിധയോജിപ്പുനിമിത്തം പരസ്പരപ്രോത്സാഹനയും സംഘനടത്തിപ്പിലുള്ള ശുഷ്കാന്തിയും വർദ്ധിക്കും. മുഖ്യമായി ഇപ്പോൾ പ്രാദേശികങ്ങൾ മാത്രമായിരിക്കുന്ന സംഘങ്ങൾ സർവ്വലോകസംഘങ്ങളായി തീരുകയുംചെയ്യും.

ആകയാൽ ഇന്നു കത്തോലിക്കർ ചെയ്തുവരുന്ന എല്ലാ പരിശ്രമങ്ങളും ക്രമംപ്പെടുത്തിനടത്തുന്നതിനുള്ള അനു

ഗ്രഹം കരുണാനിധിയായ ദൈവം തന്നരുളുന്നതിനായി തിരുഹൃദയഭക്തപ്രത്യേകം അപേക്ഷിക്കണമെന്നാണ് ഈ വത്സരാരംഭത്തിൽ പരിശുദ്ധ പിതാവ് നിശ്ചയിച്ചിരിക്കുന്നത്.

കുംഭമാസം:- "പലസ്തീനായിലെ തിരുസ്ഥലങ്ങൾ.

# പുതിയ പ്രസിദ്ധീകരണങ്ങൾ.

## ൧. മഹാദേവയ്യർ.

റവ. ഫാദർ ജേക്കബ്ബ് വെള്ളരിങ്ങാട്ടു
പെററിസെമ്മിനാരി, കോട്ടയം.
വില ൩ അണ.

നസ്രാണിദീപികയിൽ തുടർച്ചയായി പ്രസിദ്ധപ്പെടുത്തിയശേഷം പുസ്തകരൂപേണ അച്ചടിച്ചിട്ടുള്ള ഈ കൃതി വായിച്ചാൽ ഒരു കല്പിതകഥയാണതെന്നു പലർക്കും തോന്നിപ്പോകും. എന്നാൽ രണ്ടു മൂന്നു കൊല്ലങ്ങൾക്കുമുമ്പ് തൃശ്ശിനാപ്പള്ളിൽവച്ചു നിര്യാതനായ ഒരുത്തമ കത്തോലിക്കന്റെ സമാർത്ഥജീവചരിത്രമാണ് അതിലെ കഥാവസ്തുവെന്നു ഗ്രഹിക്കുമ്പോൾ ക്രിസ്ത്യേതരന്മാർക്കു അത്ഭുതവും അസൂയയും, ക്രിസ്ത്യാനികൾക്കു ലജ്ജയും മനസ്താപവും ഉണ്ടാകാതിരിക്കയില്ല. ഫാദർ വെള്ളരിങ്ങാട്ടു അവർകളുടെ ഹൃദ്യമായ ഭാഷാരീതി ഈ ഭാഷാന്തരത്തിനു് കൂടുതൽ ആസ്വാദ്യത നൽകുന്നുണ്ടു്.

## 2. Louis Pasteur.

എം. സി എസ്. എൽ. കമ്മിററി
തൃശ്ശിനാപ്പള്ളി വില ൪ അണ.

റവ ഫാദർ ഒനോരെ എസ്. ജെ. അവർകളെ കേരളീയ കത്തോലിക്കരോടു ബന്ധിച്ചിട്ടുള്ള സുദീർഘമായ ശൃംഖലയിലെ ഒരു അഭിനവകണ്ണികയാണു് ഈ ചെറിയ പുസ്തകം. ശാസ്ത്രവും മതവും തമ്മിൽച്ചേരാത്ത വ്യക്തികളല്ലെന്നു വിശ്രുത ശാസ്ത്രജ്ഞനായ ലൂയിസ് പസ്റ്റോറിന്റെ ജീവചരിത്രം കൊണ്ടു കേരളീയ കത്തോലിക്കവിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനു് വന്ദ്യവൃദ്ധനായ ഗ്രന്ഥകാരൻ ചെയ്തിട്ടുള്ള ശ്രമം സർവ്വഥാ അഭിനന്ദനീയംതന്നെ.

അകത്തോലിക്കരുടെ ഇടയിലും ഈ മാതിരി വിശിഷ്ടകൃതികൾ പ്രചരിപ്പിക്കുന്നതിനു ലീഗുകാർ ശ്രമിച്ചു കാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

## ൩ പ്രാസംഗികൻ.

സെൻറുജോസഫ്സ് പ്രസ്സ്, മന്നാനം.
വില 12 അണ

മഹാദിവ്യശ്രീ എറണാകുളം
മെത്രാപ്പോലീത്താ തിരുമനസ്സിലെ
അഭിപ്രായം.

"പ്രാസംഗികൻ" എന്ന പുസ്തകത്തിന്റെ പ്രതി അയച്ചുതന്നതു കിട്ടി. അച്ചന്റെ ഈവക ഉദ്യമങ്ങൾ ആരും ശ്ലാഘിക്കുതന്നെ ചെയ്യും. ഏതാളുകൾക്കും കാര്യം മനസ്സിലാകത്തക്കവണ്ണം ഉദാഹരണങ്ങൾ മുതലായതുസഹിതം കൊടുത്തിരിക്കുന്ന വ്യാഖ്യാനങ്ങളും വിവരണങ്ങളും വളരെ നന്നായിട്ടുണ്ടു്. കുട്ടികൾ ചെറുപ്പത്തിൽ സ്കൂളുകളിൽതന്നെ ഈ കാവ്യം കാണാപ്പാഠമാക്കുവാൻ വേണ്ട ചട്ടംകെട്ടുകൾ ചെയ്യുന്നതു ഉപകാരപ്രദമാണ്. ഈ ജ്ഞാനവായനസ്സുകൂടി ഉപകരിക്കുന്നതാകയാൽ എല്ലാ വീടുകളിലും ഇതിന്റെ ഓരോ പ്രതിയുണ്ടെങ്കിൽ വളരെ നന്നായിരിക്കും. മേലും പല കൃതികൾ അച്ചൻ രചിച്ചുകാണുന്നതിനു ആഗ്രഹിക്കുന്നു. . . . . "

† Aug: Kandathil,
Abp. of Ernakulam

## ൪. ഗിബ്ബൺസ് കർദ്ദിനാൾ..

മാനേജർ, കർമ്മെലകുസുമം, മാന്നാനം.
വില 1 അണ.

"That veteran Catholic writer who has placed Malabar

Catholics under an eternal obligation to him by his translation of His Eminence's "Faith of Our Fathers" has compiled this short sketch of the great American Cardinal in his usual lucid and emphatic style. It is succint throughout and gives us an insight into the secret of the Cardinal's success in life."

"The Catholic Educational Review."

## വർത്തമാന സംഗ്രഹം.

### കേരളം

വിസിററർ അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടുതൃശ്ശൂർ സന്ദർശനം കഴിഞ്ഞുഡിസംബർ 5-ാംനു- കോട്ടയത്തു എത്തുകയും, അവിടെ നിന്നു് 7-ാംനു-മാന്നാനത്തെത്തി മൂന്നുദിവസം താമസിച്ച ശേഷം 9-ാംനു- ചങ്ങനാശേരിയും 11-ാംനു- കൊല്ലവും സന്ദർശിക്കുകയുമുണ്ടായി.

12-ാംനു- വെള്ളിയാഴ്ച തിരുമേനി തിരുവനന്തപുരത്തുചെന്നു റീജൻറു മഹാറാണി, മഹാരാജാവു, അമ്മമഹാറാണി, പൊളിററിക്കൽ ഏജൻറു ആദിയായവരെ സന്ദർശിച്ചു.

കന്യാകുമാരി മുതലായ സ്ഥലങ്ങൾ സന്ദർശിച്ചിട്ടു ക്രിസ്തുമസ്സു് ഘോഷത്തിനു അവിടുന്നു കൊല്ലത്തുമെത്രാസന അരമനയിലായിരുന്നു താമസം. അവിടെനിന്നു 27-ാംനു- കൊട്ടാരക്കരവഴി തൂത്തുക്കുടി മുതലായ സ്ഥലങ്ങളിലേക്കു പുറപ്പെട്ടിരിക്കുന്നു.

പുത്തൻപള്ളി സെമ്മിനാരി കൊൺവെർഷ്യൻ ലീഗിന്റെ ചതുർത്ഥവാർഷികയോഗം എർണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ആദ്ധ്യക്ഷത്തിൽ ഡിസംബർ 8-ാംനു- സാഘോഷം നടത്തിയിരിക്കുന്നു.

മദ്രാസ് ലൊയോളാ കോളജു വകയ്ക്കു കാഞ്ഞിരപ്പള്ളി ഇടവകക്കാരുടെ വകയായി മൂവായിരം രൂപായോളം പിരിച്ചിട്ടുണ്ടെന്നറിയുന്നു.

കോട്ടയം കോൺഫറൻസു ഫെബ്രുവരി 8-ാംനു- മുതൽ നാലുദിവസത്തേക്കു നടത്തുന്നതിനു വേണ്ട അനുമതികൾ സിദ്ധിച്ചിരിക്കുന്നതായി കാണുന്നതിൽ സന്തോഷിക്കുന്നു.

കൊച്ചിനിയമസഭാ തെരഞ്ഞെടുപ്പു ധനു 24=ാംനു- നടക്കുന്നതാണു്. ഒരേ നിയോജകമണ്ഡലത്തിൽ ഒന്നിലധികം ക്രിസ്ത്യാനികൾ സ്ഥാനാർത്ഥികളായി നിൽക്കുന്നതിന്റെ അനാശാസ്യത നേരത്തെ സമുദായ പ്രമാണികൾ മനസ്സിലാക്കിയെങ്കിൽ നന്നായിരുന്നു.

ഡിസംബർ 22, 23, എന്ന തീയതികളിൽ എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലേ അദ്ധ്യക്ഷതയിൽ സഫ്റഗൻ മെത്രാന്മാരുടെ ഒരു കൂടിയാലോചന എറണാകുളത്തു വച്ചു നടന്നിരിക്കുന്നു.

കൊച്ചി ദിവാൻ മിസ്റ്റർ നാരായണമേനോൻ മകരമാസത്തിൽ ജോലിയിൽനിന്നു പിരിഞ്ഞുപോകുമെന്നും പകരം പുതുക്കോട്ട ദിവാൻ മിസ്റ്റർ കുഞ്ഞുണ്ണിമേനോൻ നിയമിക്കപ്പെടുമെന്നും ഒരു ശ്രുതി പരന്നിരിക്കുന്നു.

വിസിററർ തിരുമനസ്സിലേ എതിരേല്പു സംബന്ധിച്ചു എർണാകുളത്തു അലങ്കാര വേലകൾ നടത്തിയ കൺട്രാക്ടർ മിസ്റ്റർ ജേക്കബ് കോന്നുരുത്തിക്കു സെലിബ്രേഷൻ കമ്മിററിക്കാർ ഒരു മെഡൽ സമ്മാനിച്ചിരിക്കുന്നു.

മംഗലപുരത്തു സെമ്മിനാരിയിൽനിന്നു ഇക്കൊല്ലം കുർബാനപ്പട്ടമേററു നവപൂജ അർപ്പിച്ച കൂട്ടത്തിൽ കേരളീയകർമ്മലീത്താസഭയിൽപ്പെട്ട റവ ഫാദേഴ്സ് പത്രോസ് തോമ്മസ് (തൃപ്പൂണിത്തുറപൈനുങ്കൽ പത്രോസ്) വിനസന്തിയോസ് (കാട്ടൂർ പാലത്തുങ്കൽ

അന്തോനി) യോഹന്നാൻ ക്രിസോസ്തോമോസ് (കൊഴുവനാൽ പൊന്നംപുരയിടം സ്കറിയാ) എന്നിവരും തൃശ്ശൂർ രൂപതയിൽപ്പെട്ട റവ. ഫാദർ ജോർജ്ജ് പാലയൂർ അവർകളും ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു.

പുത്തൻപള്ളിസെമ്മിനാരിയിൽ ഇക്കൊല്ലം ചങ്ങനാശ്ശേരിരൂപതയിൽനിന്നു ഒൻപതും, എർണാകുളം അതിരൂപതയിൽനിന്നു മൂന്നും, വരാപ്പുഴ അതിരൂപതയിൽനിന്നു രണ്ടും തൃശ്ശൂർനിന്നു ഒന്നും വീതം നവപൂജാപ്പണങ്ങൾ ഉണ്ടായിട്ടുണ്ട്. നവവൈദികന്മാർക്കെല്ലാവർക്കും 'കുസുമം' ഹാർദ്ദമായ മംഗളം ആശംസിക്കുന്നു.

## ഇൻഡ്യാ.

മഹാത്മാഗാന്ധി ജനുവരി ആദ്യത്തോടെ തിരുവിതാംകൂറിൽ എത്തുന്നതാണെന്നു കേൾക്കുന്നു.

൨൨ വർഷക്കാലം ബോംബെ കാത്തോലിക്ക് എക്സാമിനർ പത്രത്തിന്റെ അധിപത്യം സുത്യർഹമായി നടത്തിയ വിശ്വവിശ്രുതനായ റവ. ഫാദർ ഹൾ എസ്. ജെ. അവർകൾ കഴിഞ്ഞ മാസത്തോടെ തൽസ്ഥാനത്തുനിന്നു വിരമിക്കയും റവ. ഫാദർ റോപ്പർ എസ്. ജെ അവർകൾ പത്രാധിപത്യം കയ്യേല്ക്കുകയും ചെയ്തിരിക്കുന്നു.

ഭാരതമഹാജനസഭയുടെ മുപ്പത്തൊൻപതാമത്തെ യോഗം മഹാത്മാഗാന്ധിയുടെ അദ്ധ്യക്ഷതയിൽ ഡിസംബർ 26-ാംനു-മുതൽ 2 ദിവസത്തേക്കു ബെൽഗാമിൽ വച്ചു നടന്നിരിക്കുന്നു.

മംഗലപുരം രൂപതയുടെ വേദപ്രചാരസംഘാദ്ധ്യക്ഷനായ റവ. ഫാദർ സനേത്തി എസ്. ജെ. അവർകളുടെ ഗുരുപ്പട്ട സുവർണ്ണജൂബിലി കഴിഞ്ഞ മാസത്തിൽ സാഘോഷം കൊണ്ടാടിയിരിക്കുന്നു ഈ വന്ദ്യപ്രേഷകനു ഇപ്പോൾ 45 വയസ്സു പ്രായമുണ്ട്.

## ഇററലി.

പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു ഡിസംബർ ൨൧-ാംനു- വത്തിക്കാൻ പ്രദർശനത്തിന്റെയും ൨൫ ാംനു-ജൂബിലിവത്സരത്തിന്റെയും പ്രോൽഘാടനം യഥാവിധി നിർവ്വഹിച്ചിരിക്കുന്നു.

മഹമ്മദീയരുടെ ഇടയിൽ മിഷ്യനറി ജോലി നടത്താനുള്ളവരെ ഉദ്ദേശിച്ചു പ്രസ്തുത മതസംബന്ധമായ ഒരു പാഠപദ്ധതി റോമ്മയിലെ പൌരസ്ത്യകലാശാലയോടനുബന്ധിച്ചു ആരംഭിച്ചിരിക്കുന്നു.

മഹമ്മദീയ മതത്തിൽ നിന്നു കത്തോലിക്കസഭയിൽ ചേൎന്നു വൈദികപട്ടം ഏററിട്ടുള്ള അബെമുഹമ്മദ് അലിബിൻമുല്ല എന്ന ദേഹമാണ് ഇതേപ്പററി അദ്ധ്യയനം നടത്തുന്നതു്. റോമിലുള്ള കേരളീയ വിദ്യാൎത്ഥികളും ഈ ക്ലാസിൽ സംബന്ധിക്കുന്നുണ്ടെന്നറിയുന്നു.

ഡിസംബർ ൮-ാംനു- മുതൽ ൧൫ ാംനു- വരെ സൎവ്വരാജ്യസഖ്യത്തിന്റെ ഒരു സമ്മേളനം റോമയിൽവച്ചു നടന്നിരിക്കുന്നു.

## ഇംഗ്ലണ്ട്.

ചക്രവൎത്തി മഹാരാജാവു തിരുമനസ്സിലെ പിതൃവ്യപുത്രനായ കോണാട്ടു പ്രഭുവും പത്നിയും ഡിസംബർ ൪ ാംനു- ഇൻഡ്യയിലേക്കു കപ്പൽ കയറുകയും കഴിഞ്ഞ ആഴ്ച ഇവിടെ എത്തുകയും ചെയ്തിരിക്കുന്നു.

ബാൾഡ്വിൻ മന്ത്രിസഭയിൽ ആകെ ൧൮ കത്തോലിക്ക മെംബറന്മാരുണ്ട്. ഇവരിൽ ൧൦ യാഥാസ്ഥിതികരും, ൩ തൊഴിലാളികളും, ഒരു ഉൽപതിഷ്ണുവും, മാറുകക്ഷിയിൽപ്പെട്ട ഒരാളും ഉൾപ്പെട്ടിരിക്കുന്നു. തൊഴിലാളി പാർളിമെന്റിൽ ആകെ ൨൩ കത്തോലിക്കാംഗങ്ങളുണ്ടായിരുന്നു.

ലണ്ടനിലെ പുതിയ ലോർഡ് മെയറും അദ്ദേഹത്തിന്റെ കീഴുള്ള രണ്ടു ഷെറിഫന്മാരും കത്തോലിക്കരാണ്. ഈ ഉദ്യോഗങ്ങൾ അകത്തോലിക്കർക്കു മാത്രമായിട്ടുള്ളതാണെന്നു അടുത്തകാലംവരെവിചാരിക്കപ്പെട്ടിരുന്നു.

## പലവക.

ആസ്ത്രിയായിലേ പ്രധാന മന്ത്രിയായിരുന്ന മൊൺസിഞ്ഞോർ സീപ്പൽ സ്ഥാനം ഒഴിഞ്ഞിരിക്കുന്നു.

# പഞ്ചാംഗം

ഞായറാഴ്ച അക്ഷരം ൭  [illegible]  എപ്പകത്തി ൫.

## ൧൯൨൬ ജനുവരി — ൧൧൦൧ ധനു — മകരം.

| | | | | | |
|---|---|---|---|---|---|
| 1 | 18 | വ്യാ | ✠ ന ക ഛേദനാചാരം ന. കു വെ.<br>ചേർപ്പുങ്കൽ, കോസനല്ലൂർ, വടയാർ, പുത്തനറ, രാമപുരം, കോതമംഗലം, കാഞ്ഞിരപ്പള്ളി. | | വെ. |
| 2 | 19 | വെ | വേദ. എസ്സുപ്പാനോസ് എട്ടാം ന. ആ കു. വെ. | [illegible] | ച്യം. |
| 3 | 20 | ശ | ശ്ലീ. യോഹന്നാൻ എട്ടാം ന. ആ. കു. വെ. | | വെ. |
| 4 | 21 | ഞാ | ✠ ശ്രു. കുഞ്ഞിപ്പൈതൽ എട്ടാം ന. ആ കു. വെ | . ൦ . ൨ | ച്യം. |
| 5 | 22 | തി | ദെനഹാ തലെ. ന. ആ. കു. ത. | ... | വെ. |
| 6 | 23 | ചൊ | ✠ ന. ക. ദെനഹാ എട്ടുദിനം ന. കു. വെ.<br>പാലാ, പുളിങ്കുന്ന്, എഴുപുന്ന, മുട്ടുചിറ, മണിമല, മൂവാററുപുഴ. | | വെ. |
| 7 | 24 | ബു | ദെനഹാ എം. ന. ആ. കു. വെ. | | വെ. |
| 8 | 25 | വ്യാ | ദെനഹാ എം. ന. ആ. കു. വെ. | ... | വെ. |
| 9 | 26 | വെ | ദെനഹാ എം. ന. ആ. കു. വെ. | | വെ. |
| 10 ◐ | 27 | ശ | ദെനഹാ ന. ആ കു. വെ. | ... | വെ. |
| 11 | 28 | ഞാ | ✠ ദെനഹാ ഇട. ഞാ. ൧-ാം ന. കു. ആ. | [illegible] | വെ. |
| 12 | 29 | തി | ദെനഹാ എം. ന ആ കു. വെ. | . ൯. | വെ. |
| 13 | 30 | ചൊ | ദെനഹാ എട്ടു. ന. ആ കു. എട്ടാം. | ... | വെ. |
| 14 | 1 | ബു | അ മൗ. ഹില്ലാരി ന. ആ. കു വെ.<br>വി സെബസ്ത്യാനോസ്. നരിവേലി, കള്ളിക്കാട്ട്. | | വെ. |
| 15 | 2 | വ്യാ | വന. മൗ. പൗലോസ് ന. ആ കു. വെ. | | വെ. |
| 16 | 3 | വെ | പാ. വേദ. മർസെലൊ. ന. ആ. കു. വെ. | | ച്യം. |
| 17 | 4 | ശ | ആബാ അന്തോനി ന. ആ. കു വെ. | | വെ. |
| 18 | 5 | ഞാ | ✠ ദെനഹാ ൨-ാം ന. കു. ആ. | [illegible] | വെ. |
| 19 | 6 | തി | വേദ. മരിയോസും ക്രു ന. ആ കു വെ. | | ച്യം. |
| 20 | 7 | ചൊ | പവ്യാനോസും സെബസ്ത്യാനോസും ന. കു. വെ.<br>അർത്തുങ്കൽ, ചങ്ങനാശേരി, ചിറക്കടവ്, കറവലങ്ങാട്ട്. | | ച്യം. |
| 21 | 8 | ബു | ക വേ. അഗ്നേസ്സ് ന ആ കു. വെ.<br>ദേവമാതാ. വിവാഹം. മുട്ടം, തേടംകുന്നത്തു ദേശനത്തിരുനാൾ. | | ച്യം. |
| 22 | 9 | വ്യാ | വേ. വിനസന്തി ക്രൂട്ട. ന. ആ. കു വെ | | ച്യം. |
| 23 | 10 | വെ | † ക. മാതാവിൻ വിവാഹം ന. ആ കു. വെ. | | വെ. |
| 24 ● | 11 | ശ | ആ വേ. തിമൊത്തിയോസ് ന. ആ കു. വെ | | ച്യം. |
| 25 | 12 | ഞാ | ✠ ദെനഹാ ൩-ാം ഞാ ന. കു. ആ.<br>വി. സെബസ്ത്യാ. അതിരമ്പുഴ. | [illegible] | വെ. |
| 26 | 13 | തി | അ വേ. പൊലിക്കാർപ്പോസ് ന. ആ. കു. വെ. | | ച്യം. |
| 27 | 14 | ചൊ | അ. മൗ. മ. ക്രിസോസ്തോ ന. ആ. കു. വെ. | | വെ. |
| 28 | 15 | ബു | ക. വേ. അഗ്നേസ് ദ്സത്തേൻ ന ആ. കു. വെ. | | ച്യം. |
| 29 | 16 | വ്യാ | † അ. മൗ. മ. പ്രംസീ. സാലെസ്സ് ന. ആ. കു. വെ. | | വെ. |
| 30 | 17 | വെ | † ക. വേ. മത്തീന ന. ആ. കു. വെ. | ... | വെ. |
| 31 | 18 | ശ | † മൗ പത്രോസ് നൊളാസ്കോ ന. ആ. കു വെ. | | വെ. |

Printed and Published for the Proprietor by P. K. Joseph at
St. Joseph's Press, Mannanam. 1925.

പുതിയ വരവ്, വില വളരെക്കുറവ്.

# പി. പാപ്പിക്കമ്പനി, മാന്നാനം.

## ചെയിനാപ്പട്ട നീളം വളയം

| | | Rs. | As. | P. |
|---|---|---|---|---|
| ൧-ാം ചരടു ൧വരി നീളം വളയം | 1ക്കു | 0 | 13 | 0 |
| ൨-ാം „ പിരിച്ചതു ൨വരി | „ | 0 | 12 | 0 |
| ൩-ാം „ ൨ | „ | 0 | 9 | 0 |
| ൪-ാം „ ൧ | „ | 0 | 4 | 0 |
| ൧-ാം കമ്പി ൧ | „ | 0 | 2 | 0 |
| ൨-ാം „ ൧ | „ | 0 | 3 | 0 |
| ൩-ാം „ ൧ | „ | 0 | 4 | 0 |
| ൪-ാം „ ൧ | „ | 0 | 4 | 6 |
| ആക്കമുടി വളയം ൧ | „ | 0 | 10 | 0 |
| അറ്റ്ലസ് ൧-ാംതരം ൧ | „ | 0 | 6 | 0 |
| ടി ൨-ാംതരം ൧ | „ | 0 | 4 | 6 |
| ടി. ൩-ാംതരം ൧ | „ | 0 | 2 | 6 |
| പേന്ത. (Bridge) ൧ | „ | 0 | 2 | 6 |
| ആണി. (Screw) ൧ | „ | 0 | 2 | 6 |
| പരത്തുവാൽ ൧ | „ | 0 | 10 | 0 |

## അലൂമിനം കാശുരൂപങ്ങൾ

| | | Rs. | As. | P. |
|---|---|---|---|---|
| No ൨. (മുട്ടഭാഷ) ഡസൻ | 1ക്കു | 0 | 1 | 2 |
| നമ്പ്ര 1 സെന്റു ജോസഫ് „ | „ | 0 | 1 | 9 |
| 1251 ഇത്താലിയൻ കാശു. „ | „ | 0 | 3 | 6 |
| 50 വി. കുർബാന. „ | „ | 0 | 12 | 0 |
| 53 തിരുഹൃദയം „ | „ | 0 | 12 | 0 |
| 56 ടി. „ | „ | 0 | 13 | 6 |
| 131 തിരുഹൃദയം. „ | „ | 0 | 13 | 6 |
| 6434 „ „ | „ | 0 | 12 | 0 |
| 8 സെഡാലിറ്റി. „ | „ | 1 | 0 | 0 |

## അലൂ. വെന്തിഞ്ഞ കാശുരൂപങ്ങൾ

| | | Rs. | As. | P. |
|---|---|---|---|---|
| 298 മുട്ടഭാഷ. ഡസൻ 1ക്കു | „ | 0 | 4 | 6 |
| 234 കക്കവൃത്തം. | „ | 0 | 4 | 6 |
| 331 നീണ്ടഭാഷ | „ | 0 | 5 | 6 |
| 337 വൃത്തം. | „ | 0 | 5 | 0 |
| 338 വൃത്തം. | „ | 0 | 8 | 0 |
| 7030 ചതിര എരട്ടത്തട്ടു ചെറുത് | | 0 | 6 | 6 |
| 325 കക്കടവൃത്തം. | „ | 0 | 8 | 0 |
| 324 കരിശുഭാഷ. | „ | 0 | 6 | 6 |
| 7023 ചതിര ഒറ്റത്തട്ടു. | „ | 0 | 10 | 0 |
| 7231 ചതുര എരട്ടത്തട്ടു വലുത് | „ | 0 | 12 | 0 |
| 399 നക്ഷത്രഭാഷ. | „ | 0 | 13 | 6 |
| 321 മുന്തിരിങ്ങാ വള്ളിക്കെട്ടു | „ | 0 | 13 | 6 |
| 398 കരിശാകൃതി. „ | ൧ക്കു | 0 | 10 | 0 |
| 389 ചങ്കുഭാഷകാശു „ | ൧ക്കു | 0 | 5 | 0 |

## പളുങ്കുകാശുരൂപങ്ങൾ.

| | | Rs. | As. | P. |
|---|---|---|---|---|
| ൧-ാം തരം ഡസ്സൻ | 1ക്കു | 5 | 0 | 0 |
| കാശു ൨-ാംതരം ഡസൻ | ൧ക്കു | 3 | 12 | 0 |
| ടി. ൩-ാംതരം „ | ൧ക്കു | 3 | 6 | 0 |
| ടി. ൪-ാംതരം „ | ൧ക്കു | 2 | 10 | 0 |
| ടി. ൫-ാംതരം „ | ൧ക്കു | 1 | 14 | 0 |

## കരിശുകൾ.

| | | Rs. | As. | P. |
|---|---|---|---|---|
| അലൂ: കരിശു 5¼ ഇഞ്ചു ഡസൻ | 1 | 10 | 8 | 0 |
| ടി. „ 4¾ „ „ | 1ക്കു | 7 | 8 | 0 |
| ടി. „ 2¼ „ „ | 1ക്കു | 2 | 10 | 0 |
| ടി. „ 1¾ „ „ | 1ക്കു | 1 | 14 | 0 |
| ചീനവെള്ളി „ „ | 1ക്കു | 0 | 1 | 9 |
| 389 പുള്ളിക്കൊന്ത „ | 1ക്കു | 3 | 10 | 0 |
| 233 ഉരുക്കുകെട്ട് „ | 1ക്കു | 2 | 14 | 0 |
| 390-ാം നമ്പ്ര പുള്ളിക്കൊന്ത „ | 1ക്കു | 4 | 0 | 0 |

## പടങ്ങൾ.

| | | Rs. | As. | P. |
|---|---|---|---|---|
| 8×10 ഒലിപ്പം നപിസ്. പടം | ഡ. | 1 | 8 | 0 |
| ടി ജർമ്മൻ പടം | „ | 1 | 12 | 0 |
| 13×17 ടി ടി | „ | 4 | 14 | 0 |
| 16×20 ടി ടി | „ | 6 | 6 | 0 |
| പ്രം ദ്ബൂക്ക സ്ഥിസു പടങ്ങൾ | „ | 0 | 4 | 6 |
| ടി ടി | 100-ക്കു | 2 | 0 | 0 |
| 240 പടമുള്ള പാളിപ്പടം പള്ളി | ക്കു | 1 | 14 | 0 |

## പുസ്തകങ്ങൾ.

| | | Rs. | As. | P. |
|---|---|---|---|---|
| 1 വ്യാകുലപ്പെട്ട ചരിത്രം | 1ക്കു | 1 | 0 | 0 |
| 2 അന്തോനീസിൻ ചരിത്രം | „ | 0 | 5 | 0 |
| 3 കൊച്ചുത്രേസ്യാ ചരിത്രം | | 0 | 5 | 3 |
| 4 വ്യാകുലപ്രസംഗം | | 0 | 4 | 6 |
| 5 ദേവമാതാവിൻ അമ്മാന | | 0 | 8 | 0 |
| 6 ജ്ഞാനനെ രുന്ദ്ര്യൾ അമ്മാന | | 0 | 8 | 0 |
| 7 പത്തൻപാന | | 0 | 4 | 6 |
| 8 ശുദ്ധീകരവണക്കം | | 0 | 13 | 6 |
| 9 നിത്യാരാധന | | 2 | 0 | 0 |
| 10 പീയൂഷസംഗ്രഹം | | 0 | 10 | 0 |
| 11 തിരുഹൃദയവണക്കം | | 0 | 10 | 0 |
| 12 അത്ഭുതലീലിപുഷ്പം | | 0 | 4 | 0 |
| 13 കുടുംബപ്രതിഷ്ഠ | | 0 | 2 | 0 |
| 14 ദേവമാതാവിൻ വണക്കം | | 0 | 13 | 6 |
| 15 ടി. കുട്ടിക്കത്തിയത്. | | 1 | 6 | 0 |

**P. Pappy & Co.,**

Mannanam, Travancore.

Registred No. M. 365. No. T. 2.

# പുതിയ ലേലച്ചിട്ടി.

൧൦൮൦-ാമാണ്ടു കുംഭമാസം ൧-ാംനു ആരംഭിക്കും.
ആണ്ടിൽ രണ്ടു വിതം നടത്തി
ഒമ്പതര കൊല്ലംകൊണ്ടു് അവസാനിക്കും.

## മുതൽ രൂപാ മുപ്പതിനായിരം.

| ൧൦൯ ചിട്ടിയുടെ വിഭാഗങ്ങൾ. | ഏ. | ബി. | സി. |
|---|---|---|---|
| ഒരു നമ്പരിന്നു നറുക്കിൽ പതിച്ചുകിട്ടുന്ന മുതൽ രൂപ | 60 | 30 | 15 |
| ടിക്കു പലിശവീതം നീക്കി തൊക്കം വെക്കേണ്ടിവരാവുന്നതു | 36 | 18 | 9 |

ഒരാൾക്കു ഓരോ വിഭാഗങ്ങളിലും എത്ര നമ്പരുകൾ
വേണമെങ്കിലും ചേരാം.

ചേരണമെന്നുള്ളവർ ചിട്ടിറൂൾസ് ആവശ്യപ്പെട്ടു വാങ്ങി 2 പ്രതികളിൽ സാക്ഷിവെച്ചു് ഒപ്പിട്ടു് ഏ. നമ്പരിനു 2 ക. യും, ബീ. ക്കു 1 ക. യും, സി. ക്കു അര ക. യും വീതം അഡ്വാൻസു സഹിതം അയച്ചുതരേണ്ടതാണ്.

### ഫോറങ്ങൾ നിയമപ്രകാരം റജിസ്റ്റർ ചെയ്തു നിശ്ചിതദിവസം ചിട്ടി ആരംഭിക്കും.

ഇപ്പോൾ ഞങ്ങൾ നടത്തുന്ന ചിട്ടികളിൽ പതിനയ്യായിരം രൂപയുടെ ചിട്ടി ഇതാ അവസാനിക്കാൻ പോകുന്നു ഇനിയും ഒരു ചിട്ടി മാത്രമേ ലേലം ചെയ്വാനുള്ളു. അതിലെ ചിററാളന്മാരിൽ പലരും നിർബന്ധപൂർവ്വം ആവശ്യപ്പെട്ടതിനാലും ചിട്ടി നടത്തിപ്പിൽ ഞങ്ങൾക്കുണ്ടായിട്ടുള്ള വളരെ നാളത്തെ പരിചയം നിമിത്തവുമാണ് ഒരു ചിട്ടികൂടി ആരംഭിക്കുന്നതു്.

ചിട്ടി പിടിക്കുന്നവക്കു ഇടപാടുകാരം റജിസ്ത്രാക്കുന്ന ദിവസംതന്നെ റജിസ്ത്രാരുടെ മുമ്പാകെവെച്ചു ഞങ്ങൾ പണം കൊടുക്കുന്നു. പണം കിട്ടേണ്ട കാലാവധിക്കുമുമ്പ് ആവശ്യപ്പെടുന്നവർക്കും കൊടുക്കുന്നുണ്ട്. ഇതിലേക്കു ഞങ്ങളുടെ ചിട്ടിയിൽ ചേന്നിട്ടുള്ള പ്രഭുക്കന്മാരും, ഉദ്യോഗസ്ഥന്മാരും, സാധാരണന്മാരും, നാട്ടുകാരും, പല താലൂക്കുകളിലെ റജിസ്ത്രാരന്മാരും സാക്ഷികളാണ്.

ചിട്ടി പിടിക്കുന്നവർക്കെല്ലാം ഇപ്രകാരം ഉടനുടൻ പണം കൊടുക്കുന്ന കാൎയ്യം മാത്രം ആലോചിച്ചാൽ ആ ചിട്ടി നടത്തിപ്പിലുള്ള സകല കാൎയ്യങ്ങളുടെയും സുഗമതയെ നിൎണ്ണയിക്കാം.

ഇതിനുമുമ്പു ഞങ്ങൾ ചിട്ടി തുടങ്ങിയകാലത്തു നിശ്ചിതതീയതിക്കു മുമ്പുതന്നെ ആളു തികഞ്ഞുപോകയാൽ പലക്കും ചിട്ടിയിൽ ചേരാൻ സാധിക്കാതെ വന്നിട്ടുണ്ട്. അതിനാൽ ചേരണമെന്നാഗ്രഹിക്കുന്നവർ മുമ്പുകൂട്ടി ഫോറങ്ങൾ വാങ്ങി ഒപ്പിട്ടയക്കേണ്ടതാണ്.

പി. കെ. നൈനാൻ തരകൻ, മുൻസിപ്പുകോടതിവക്കീൽ തിരുവല്ലാ.
പി. കെ. കൊച്ചീപ്പൻ തരകൻ, സൂപ്രണ്ടു് 'മ. മനോരമ' കോട്ടയം.